മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 21 THE ONLINE OFFICIAL NEWS BULLETIN 2025 May 22

SEASON OF THE RESURRECTION | ഉയിർപ്പുകാലം | ܥܕܢܐ ܕܩܝܡܬܐ

ܚܕ ܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
25	 26	27	28	 29	AWAITING HOLY SPIRIT 30	31
4th Sunday after New Sunday	11th Mem. of H.H. Baselios Marthoma Didymos I Catholicos (Pathanapuram Mount Tabor Dayara)			Suloqo Ascension of our Lord		
5	1	5	1	5	1	5



അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘം പരിശീലന ക്യാമ്പ് പരുമല സെമിനാരിയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവാ ഉദ്ഘാടനം ചെയ്തു. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷത വഹിച്ചു. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ സന്ദേശം നൽകി.



പരിശുദ്ധ ലിയോ പതിനാലാമൻ മാർപ്പാപ്പയുടെ സ്ഥാനാരോഹണ ശുശ്രൂഷകളിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രതിനിധികളായി സഖറിയാ മാർ നിക്കോളവാസ്, എബ്രഹാം മാർ സ്തേഫാനോസ്, ഫാ. അശ്വിൻ ഫെർണാണ്ടസ് എന്നിവർ പങ്കെടുത്തു.



മദ്രാസ് ഭദ്രാസനത്തിലെ മൈലാപ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് സെന്റർ കൂദാശ പരിശുദ്ധ കാതോലിക്കാ ബാവായുടെ മുഖ്യകാർമികത്വത്തിൽ നടത്തപ്പെട്ടു



ലഹരിയുടെ ഉപയോഗം ഘട്ടം ഘട്ടമായുള്ള ആത്മഹത്യക്ക് തുല്യം: പരിശുദ്ധ കാതോലിക്കാ ബാവ

പരുമല: സമൂഹത്തിൽ ഇന്നുണ്ടാകുന്ന എല്ലാ തിന്മകൾക്കും കാരണം ലഹരിയുടെ ഉപയോഗമാണെന്ന് മലങ്കര ഓർത്തഡോക്സ് സഭാധ്യക്ഷനും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. സഭയുടെ ലഹരി വിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ പരുമല സെമിനാരിയിൽ നടന്ന 'ലഹരിക്കെതിരെ കൂട്ട് കൂടാം' ടീനേജ് ക്യാമ്പ് ഉദ്ഘാടനം ചെയ്തത് സംസാരിക്കുകയായിരുന്നു പരിശുദ്ധ കാതോലിക്കാ ബാവാ.

മാനവരാശിയുടെ ചിന്താശക്തിയും ബുദ്ധിയെയും ഇല്ലാതാക്കി മാഫിയകൾ സമ്പത്ത് കയ്യാളുകയാണ്. ലഹരി ഒറ്റത്തവണ ഉപയോഗിക്കുമ്പോൾ പോലും ഉപയോഗിക്കുന്ന ആൾ ആത്മഹത്യ ചെയ്യുകയാണ്. ഈശ്വരൻ നൽകിയ ശരീരത്തെ വെറുതെ നശിപ്പിക്കരുത്. കഴിവുകളെ മനുഷ്യനന്മക്കായ് ഉപയോഗിക്കാൻ സാധിക്കണം. കുട്ടികളാണ് സഭയുടെയും സമൂഹത്തിന്റെയും ഭാവി സമ്പത്തെന്നും പരിശുദ്ധ ബാവാ കൂട്ടിച്ചേർത്തു.

മദ്യ - ലഹരി വിരുദ്ധ സമിതി അദ്ധ്യക്ഷൻ യൂഹാനോൻ മാർ പൊളിക്കാർപ്പോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. ജി.എസ്.ടി. കമ്മീഷണർ ഡോ. ടിജു തോമസ് ഐ.ആർ.എസ്. മുഖ്യപ്രഭാഷണം നടത്തി. വൈദിക ട്രസ്റ്റി ഫാ.ഡോ. തോമസ് വർഗീസ് അമയിൽ, പരുമല സെമിനാരി മാനേജർ ഫാ എൽദോ ഏലിയാസ്, തുടങ്ങിയവർ പ്രസംഗിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഇതര ഓറിയന്റൽ സഭകളുടെ നിലപാട് സ്വാഗതാർഹം

ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ

കോട്ടയം: മലങ്കരസഭാ തർക്കം പരിഹരിക്കാൻ മൂന്ന് ഓറിയന്റൽ സഭാപിതാക്കൻമാർ മലങ്കര ഓർത്തഡോക്സ് സഭാ നേതൃത്വത്തെ കെയ്റോയിലേക്ക് ക്ഷണിച്ചെന്ന പ്രചാരണം അവാസ്തവമാണ്. മധ്യപൂർവ്വദേശത്തെ മൂന്ന് ഓറിയന്റൽ സഭകൾ നിഖ്യാ സുന്നഹദോസിന്റെ വാർഷികം ആചരിക്കാൻ ഒത്തുകൂടി എന്നാണ് മനസിലാക്കുന്നത്. ഇതിനെ ഓറിയന്റൽ സഭകളുടെ കൂട്ടായ്മയായി ചിലർ തെറ്റായി വ്യാഖ്യാനിച്ചു. ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ കൂട്ടായ്മയിൽ മലങ്കര ഓർത്തഡോക്സ് സഭയുൾപ്പെടെ 7 സഭകൾ അംഗങ്ങളാണ്. അത്തരമൊരു ഫോറം അടുത്ത ദിവസങ്ങളിൽ യോഗം കൂടുകയോ എന്തെങ്കിലും തീരുമാനം കൈക്കൊള്ളുകയോ ചെയ്തിട്ടില്ല.

അന്ത്യോഖ്യൻ, കോപ്റ്റിക് പാത്രിയർക്കീസുമാരും ലബനോനിലെ അർമേനിയൻ സഭയുടെ തലവനുമാണ് യോഗത്തിലുണ്ടായിരുന്നത്. പ്രധാന അർമേനിയൻ സഭയായ എച്ച്മിയാഡ്സനിലെ അപ്പൊസ്തോലിക സഭയോ, എത്യോപ്യൻ ഓർത്തഡോക്സ് തെവാഹെദോ സഭയോ, എറിട്രിയൻ ഓർത്തഡോക്സ് തെവാഹെദോ സഭയോ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയോ കഴിഞ്ഞ ദിവസം ചേർന്ന യോഗത്തിൽ പങ്കാളികളല്ല. സ്ഥാപിത താൽപ്പര്യത്തോടെ മിഡിൽ ഈസ്റ്റിലെ സഭകൾ നടത്തിയ നീക്കത്തെ ഓറിയന്റൽ ഓർത്തഡോക്സ് കൂട്ടായ്മയിലെ മറ്റുസഭകൾ തള്ളിക്കളഞ്ഞിട്ടുണ്ട്. എത്യോപ്യൻ ഓർത്തഡോക്സ് തെവാഹെദോ സഭയടക്കമുള്ള ഓറിയന്റൽ ഓർത്തഡോക്സ് കുടുംബത്തിന് ഭാരതത്തിലെ കാര്യങ്ങൾ വ്യക്തമായി അറിയാം. മലങ്കര ഓർത്തഡോക്സ് സഭയുടെ ഇന്റർ ചർച്ച് എക്യുമെനിക്കൽ വിഭാ?ഗം അയച്ച കത്തിനോട് ക്രിയാത്മകമായാണ് ഇതരസഭകൾ പ്രതികരിച്ചത്. ഭാരതത്തിന്റെ പരമോന്നത കോടതിയുടെ അന്തിമവിധിയടക്കമുള്ള കാര്യങ്ങൾ സഭാനേതൃത്വങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

നടക്കാത്ത യോഗം നടന്നെന്ന് കളവ് പറയുകയും, ക്ഷണിക്കാത്ത ചർച്ചയ്ക്ക് ക്ഷണം ലഭിച്ചെന്ന് പ്രചരിപ്പിക്കുകയും ചെയ്യുന്നവരുടെ ഉദ്ദേശശുദ്ധി ക്രൈസ്തവ മൂല്യങ്ങൾക്ക് ചേർന്നതല്ല. സഭയുടെ ഭരണഘടനയെയും, സുപ്രീം കോടതി വിധിയെയും മാനിച്ചുള്ള ശാശ്വതസമാധാനം മലങ്കരസഭയിൽ ഉണ്ടാകണമെന്നാണ് എക്കാലവും ആഗ്രഹിക്കുന്നതും, പ്രാർത്ഥിക്കുന്നതും, ശ്രമിക്കുന്നതും.



Delhi Orthodox Centre For Information & Broadcasting witness the fulfilment of a vision first seen by H.G. Job Mar Philoxenos, of blessed memory, in 2008. That vision has now come to life with the opening of our new music facility in 2025. DOCIB Studios was officially inaugurated on 21 May 2025 by the blessed hands of our Diocesan Metropolitan, H.G. Dr. Youhanon Mar Demetrios, and assisted by the Delhi-NCR priests of the Diocese.

This studio has been thoughtfully designed to nurture creativity, inspire worship, and harness the transformative power of sound to uplift our spirits in unity.

“വ്യക്തിപരമായ ഇഷ്ടങ്ങളും താല്പര്യങ്ങളും സാധിക്കണം എന്നു വിചാരിക്കാതെ ദൈവേഷ്ടം നടക്കണം എന്നായിരിക്കണം എല്ലായ്പ്പോഴും നിങ്ങളുടെ ഉദ്ദേശ്യം. ഈ നിഷ്ഠ പാലിക്കുമെങ്കിൽ നമ്മുടെ ഇടയിൽ അങ്ങിങ്ങായി കാണപ്പെടുന്ന എല്ലാ അസുഖങ്ങളും അസ്വാസ്ഥ്യങ്ങളും ഇല്ലാതായിക്കൊള്ളും. ... ക്രിസ്തീയ ഐക്യം നമ്മെ ഭരിക്കുകയും ചെയ്യും. ‘സഹോദരന്മാരെ നിങ്ങളെല്ലാവരും ഒന്നുതന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏക അഭിപ്രായത്തിലും യോജിച്ചിരിക്കുകയും വേണം’ എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി വി. പൗലൂസ് അപ്പോസ്തോലൻ കോരിന്ത്യരോടു പറഞ്ഞിട്ടുള്ള അതേ വാക്കുകളാൽതന്നെ നാമും നിങ്ങളെ ഉത്ബോധിപ്പിക്കുന്നു.”

– പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ
(അന്ത്യ കല്പനയിൽ നിന്നും)

മധ്യപൂർവ്വ ദേശത്തിലുള്ള മൂന്ന് ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ പ്രധാന മേലദ്ധ്യക്ഷന്മാരുടെ സംയുക്ത പ്രസ്താവനയോടുള്ള പ്രതികരണം

മധ്യപൂർവ്വ ദേശത്തിലുള്ള മൂന്ന് ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ പ്രധാന മേലദ്ധ്യക്ഷന്മാർ പ്രസിദ്ധീകരിച്ചിരിക്കുന്ന സംയുക്ത പ്രസ്താവന ഞങ്ങളുടെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഇന്ത്യയിലെ 'സിറിയൻ ഓർത്തഡോക്സ് യാക്കോബായ സഭ'യുടെ പുതിയ 'മഫ്രിയാന' മോർ ബസേലിയോസ് ജോസഫിന്റെ സ്ഥാനരോഹണത്തിനു സിറിയൻ ഓർത്തഡോക്സ് സഭയുടെ പ. പാത്രിയർക്കീസ് മോർ ഇഗ്നത്തിയോസ് അഫ്രേം രണ്ടാമൻ തിരുമേനി നേതൃത്വം നൽകിയതിന് കോപ്റ്റിക് സഭയുടെ പാത്രിയർക്കീസും സിലുഷ്യയിലെ അർമേനിയൻ ഓർത്തഡോക്സ് സഭയുടെ കാതോലിക്കായും അഭിനന്ദനം അറിയിച്ച ശേഷം ഇന്ത്യയിലെ 'വേർപെട്ട വിഭാഗത്തിന്റെ' പ്രതിനിധികൾ പങ്കാളികളായുള്ള ആരാധനയിലും ദൈവശാസ്ത്ര സംവാദങ്ങളിലും പങ്കെടുക്കില്ലെന്ന സിറിയൻ ഓർത്തഡോക്സ് സഭയുടെ 'യൂണിവേഴ്സൽ' സുന്നഹദോസ് തീരുമാനത്തിന് മറ്റു രണ്ടുപേരും പിന്താങ്ങൽ നൽകിയിരിക്കുന്നുവെന്നതാണ് സംയുക്ത പ്രസ്താവനയുടെ സംഗ്രഹം. ഇത് അപലപനീയം തന്നെ! ഒരു സമാധാന ഐക്യ സംവാദത്തിനു വാതിൽ തുറന്നിരിക്കുന്നു എന്ന് സംയുക്ത പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നത് സ്വാഗതാർഹം.

ചരിത്ര സത്യങ്ങളെ തമസ്കരിക്കുന്നത് വർത്തമാന കാലഘട്ടത്തിന്റെ സ്വഭാവമായി മാറിയിട്ടുണ്ട്. അത് സംയുക്ത പ്രസ്താവനയിലും ദൃശ്യമാണ്. ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന ഏക ഓർത്തഡോക്സ് സഭയായ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ 1974-ൽ സമാന്തര മെത്രാന്മാരുടെ വാഴിക്കലും നിയമനവും നടത്തി രണ്ടായി മുറിച്ചതും അതു വഴി സഭയിൽ ഇന്നുവരെ നീണ്ടു നിൽക്കുന്ന ആഭ്യന്തര കലഹം സൃഷ്ടിച്ചതും അന്ത്യോക്യൻ സുറിയാനി സഭയുടെ പാത്രിയർക്കീസ് യാക്കോബ് തൃതീയൻ തന്നെ ആയിരുന്നുവെന്നത് പകൽ പോലെയുള്ള സത്യമാണ്. ഭാരതത്തിലെ നീതിനിയായ കോടതികളുടെ വിധിന്യായങ്ങൾ പരിശോധിച്ചാൽ തന്നെ ഇത് വെളിവാകും.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ, ഓറിയന്റൽ ഓർത്തഡോക്സ് സഭാ സമൂഹത്തിനുള്ളിൽ സംപൂർണ്ണ സ്വയംഭരണമുള്ള (autocephalous) ഒരു സഭയാണ്. പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് മൂന്നാമൻ തിരുമേനിയാണ് അതിന്റെ ഇപ്പോഴത്തെ പ്രധാന മേലദ്ധ്യക്ഷൻ. ഈ സഭയ്ക്ക് തനതായ അപ്പോസ്തോലിക പാരമ്പര്യവും ക്രൈസ്തവ സാക്ഷ്യവുമുണ്ട്.

സംയുക്ത പ്രസ്താവനയിലെ 'ഇന്ത്യയിലെ സുറിയാനി സഭ' (Syrian Church in India) എന്ന പരാമർശം, അന്ത്യോക്യൻ സുറിയാനി സഭയുടെ കീഴിൽ 1974-ൽ തുടക്കമിട്ടതും പിന്നീട് 2002-ൽ ഔദ്യോഗികമാക്കാൻ ശ്രമിച്ചതുമായ ശാഖയെ ഉദ്ദേശിച്ചു മാത്രമാകണം. ഇതിനെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ നിന്ന് അടർത്തി മാറ്റിയതാണ്. ഈ ശാഖയുടെ തുടക്കമാണ് ഒരിക്കലും തീരാത്ത വ്യവഹാരങ്ങളുടെ അവസാനത്തെ കാരണവും; മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കാനോനികമായ അഖണ്ഡതയെ അസത്യ പ്രസ്താവനകളിലൂടെ ചോദ്യം ചെയ്തുകൊണ്ടിരിക്കുന്നതും.

ഈ വിഷയത്തിൽ ഭാരതത്തിലെ ബഹു. സുപ്രീംകോടതി ഉൾപ്പെടെയുള്ള നീതിന്യായ സംവിധാനങ്ങൾ നിർണ്ണായക വിധികൾ നൽകി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്വയം ഭരണവും കാനോനിക അവകാശങ്ങളും ഉറപ്പിച്ചിട്ടുള്ളതും അത്തരം രേഖകൾ ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ ഉൾപ്പടെ ആഗോളതലത്തിലുള്ള മറ്റു ക്രൈസ്തവ സഭകളെയും എക്യുമെനിക്കൽ സംഘടനകളെയും ദൈവശാസ്ത്ര സംവാദ സമിതികളെയും അറിയിച്ചിട്ടുള്ളതുമാണ്.

സംയുക്ത പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്ന കൂട്ടായ്മ മധ്യപൂർവ ദേശത്തിലെ മൂന്ന് ഓറിയന്റൽ ഓർത്തഡോക്സ് സഭാ തലവന്മാരുടെ പ്രാദേശിക സംഗമമാണ്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയോ, പ്രധാന ആർമേനിയൻ സഭയായ എച്ച്മിയാഡ്സനിലെ അപ്പൊസ്തോലിക സഭയോ, എത്യോപ്യൻ ഓർത്തഡോക്സ് സഭയോ, എറിട്രിയൻ ഓർത്തഡോക്സ് സഭയോ ഇതിൽ പങ്കാളികളല്ല. പ്രാദേശിക കൂട്ടായ്മകളും പാൻ-ഓറിയന്റൽ സംവാദ പ്ലാറ്റ്ഫോമുകളും ഒഴിച്ചാൽ, മുഴുവൻ ഓറിയന്റൽ ഓർത്തഡോക്സ് സഭകൾക്കുമായി സംസാരിക്കുന്ന ഏക പ്രാതിനിധ്യമുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല.

2017 മുതൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ അന്താരാഷ്ട്ര ഓർത്തഡോക്സ് സമ്മേളനങ്ങളിൽ നിന്നും ഒറ്റപ്പെടുത്താനുള്ള അന്ത്യോക്യൻ സുറിയാനി സഭയുടെ ശ്രമങ്ങളെ വിവിധ മാർഗ്ഗങ്ങളിലൂടെ മലങ്കര സഭ പ്രതിരോധിക്കുകയും, സംവേദനപരമായ പങ്കാളിത്തത്തിലൂടെ അവയെ ന്യായമായും ദൈവശാസ്ത്രപരമായും തടയുകയും ചെയ്തിട്ടുണ്ട്.

അന്ത്യോക്യൻ സുറിയാനി സഭയുടെ പാത്രിയർക്കീസ്, മലങ്കര സുറിയാനി സഭയിലെ ഒരു അംഗത്തിനെ മലങ്കര സഭയുടെ ഭരണഘടനപ്രകാരം അല്ലാതെ മഫ്രിയാന ആയി വാഴിച്ചുകൊണ്ട് സഭയിൽ സമാന്തര ഭരണം വീണ്ടും സൃഷ്ടിച്ചിട്ട് അതിനെ അന്താരാഷ്ട്രതലത്തിൽ അംഗീകരിപ്പിക്കാൻ നടത്തുന്ന ശ്രമത്തെ മലങ്കരസഭ ശക്തമായി അപലപിക്കുന്നു. ഇത് ക്രൈസ്തവ സനാതന ധർമ്മങ്ങൾക്ക് വിപരീതവും മലങ്കരസഭയുടെ ഭരണഘടനയ്ക്ക് വിരുദ്ധവും ഭാരതത്തിന്റെ പരമോന്നത നീതിപീഠത്തോടുള്ള അവഹേളനവും മലങ്കരസഭയിൽ വീണ്ടും വ്യവഹാരങ്ങളും ഭിന്നതയും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമവുമാണ്. പാത്രിയർക്കീസിന്റെ അകാനോനികമായ നടപടികൾക്കെതിരെ മലങ്കരസഭ യോഗ്യമായ രീതിയിൽ അന്താരാഷ്ട്ര സഭാ-സംവാദ വേദികളിൽ പ്രതികരിക്കും.

ഓറിയന്റൽ ഓർത്തഡോക്സ് സഭാകുടുംബത്തിന്റെ ഐക്യത്തിനും ദൈവശാസ്ത്ര ഐക്യത്തിനും വേണ്ടി മലങ്കര സഭയുടെ പ്രതിബദ്ധതയും ശ്രമവും തുടരുന്നതാണ്. എന്നാൽ മുറിവുകൾ ഉണങ്ങുവാനും ഐക്യത്തിന്റെ ശാശ്വതമായ പുനഃസ്ഥാപനം സാധ്യമാകുവാനും വേണ്ടി, ചരിത്ര സത്യങ്ങൾ, സഭാ വ്യവസ്ഥകൾ, കാനോനികമായ അതിരുകൾ, അതാത് സഭകൾ നിൽക്കുന്ന രാജ്യനിയമങ്ങൾ തുടങ്ങി പലതും പരസ്പരം അംഗീകരിക്കപ്പെടേണ്ടതുണ്ട്. ഭാവിയിൽ നടക്കുന്ന സംവാദങ്ങൾക്ക് ഈ ആത്മാവാണ് മാർഗ്ഗദർശിയായിരിക്കേണ്ടത്. അല്ലാതെ കോളനിവൽക്കരണവും അപ്രമാദിത്യവുമല്ല. സത്യം തെളിഞ്ഞു നിൽക്കട്ടെ!

2025 മേയ് 19
കോട്ടയം


(മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഇന്റർ ചർച്ച്-എക്യൂമെനിക്കൽ റിലേഷൻസ് ഡിപ്പാർട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നത്)



കുന്നംകുളം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ മെറിറ്റ് ഡേ ആർത്താറ്റ് അരമനയിലെ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ സ്മാരക മന്ദിരത്തിലെ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും അവാർഡ് വിതരണം നടത്തുകയും ചെയ്തു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഐക്യവും സമാധാനവും കാലഘട്ടത്തിന്റെ അനിവാര്യത



ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ

സമൂഹത്തിന്റെ നന്മയും ക്ഷേമവും ധാർമ്മികമൂല്യങ്ങളും കണക്കിലെടുത്ത് ഉണ്ടാക്കിയിരിക്കുന്ന അംഗീകരിക്കപ്പെട്ട ഒരു ഭരണഘടന നിലവിലിരിക്കുമ്പോൾ ജനങ്ങളെ ഭിന്നിപ്പിക്കുവാനും കലഹങ്ങൾ ഉണ്ടാക്കുന്നതിനും വേണ്ടി മറ്റൊരു ഭരണഘടന ഉണ്ടാക്കുന്നത് സ്വാർത്ഥതാല്പര്യങ്ങളുടെ നിവർത്തിക്കുവേണ്ടിയാണ്.

മലങ്കരസഭയിലെ പ്രശ്നങ്ങൾക്ക് പരിഹാരമായി ഇതിനോടകം ഇന്ത്യയിലെ പലകോടതികളിൽ നിന്നായി ധാരാളം വിധിന്യായങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ 1958-ലും 1995-ലും പ്രധാന നീതിപീഠമായ സുപ്രീംകോടതി നൽകിയ വിധിന്യായങ്ങൾ നിർണ്ണായകങ്ങൾ ആയിരുന്നു. മലങ്കരസഭയുടെ നേതൃനിരയിൽ നിന്നവർ ഒരുമിച്ചുനിന്ന് അവ നടപ്പിലാക്കിയിരുന്നെങ്കിൽ മലങ്കരസഭയുടെ ഭാരതത്തിലെ സ്ഥാനവും ഇന്ന് മറ്റൊന്നാകുമായിരുന്നു. കോടതിവിധിന്യായങ്ങൾ യഥാവിധി അനുസരിക്കാത്ത ഒരുവിഭാഗം ഇന്നും മലങ്കരയിലുണ്ടെന്ന സത്യാവസ്ഥ മുൻകൂട്ടിക്കണ്ടുകൊണ്ടുതന്നെയാണ് 2017 ജൂലൈ 3-ന് ബഹു. സുപ്രീംകോടതി വീണ്ടും അതിനിർണ്ണായകമായ വിധി പ്രഖ്യാപിച്ചിരിക്കുന്നത്.

ക്രൈസ്തവസഭയെന്ന നിലയിൽ കോടതിവിധിയിലെ ജയപരാജയങ്ങൾ ഇവിടെ എണ്ണേണ്ടതില്ല എന്നു കരുതുന്നു. അതിപുരാതനമായ മലങ്കരസഭയിൽ ഉണ്ടായ തർക്കവിതർക്കങ്ങൾ മൂലം ഭദ്രതനഷ്ടപ്പെട്ട വിശ്വാസികൾക്ക് പ്രത്യാശ നൽകുന്ന ദൈവനിയോഗമായി ബഹു. സുപ്രീംകോടതിവിധിയെ മനസ്സിലാക്കി ഐക്യത്തിലും സമാധാനത്തിലും സഭയെ എത്തിക്കുക എന്നത് മാത്രമാണ് നമ്മുടെ നിയോഗം.

1995-ലെ ബഹു. സുപ്രീംകോടതിവിധിയിലെ സത്തമനസ്സിലാക്കി മലങ്കരസഭയുടെ യോജിപ്പിന് വേണ്ടി ധാരാളം ശ്രമങ്ങൾ നടന്നതാണ്. സമാധാനശ്രമങ്ങളുടെ ഭാഗമായി ബഹുമാനപ്പെട്ട സുപ്രീംകോടതിതന്നെ അതിന്റെ നിരീക്ഷകനായി ജസ്റ്റീസ് മളീമഠിനെ സാക്ഷിയാക്കി ഭിന്നതയിൽ നിൽക്കുന്ന രണ്ടു വിഭാഗങ്ങളെയും ഒരുമിപ്പിച്ചുനിർത്തി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ വരെ വിളിച്ചുകൂട്ടിയത് നമ്മുടെ ഓർമ്മയിൽ നിന്ന് മാഞ്ഞിട്ടില്ല. പാത്രിയർക്കീസ് വിഭാഗം/യാക്കോബായ വിഭാഗം/ബാവാകക്ഷി എന്നു വിളിക്കപ്പെടുന്ന ഒരു കൂട്ടർ അതിൽ പങ്കുചേരാതെ 2002-ൽ ഒരു സമാന്തര ഭരണഘടന സൃഷ്ടിച്ചപ്പോൾ തകർന്നത് സമാധാനവും ഐക്യവും കാംഷിച്ചിരുന്ന ദൈവജനത്തിന്റെ സ്വപ്നങ്ങളാണ്. അതുകൊണ്ടുതന്നെ, 2017 ജൂലൈ 3-ലെ ന്യായവിധി ദൈവജനത്തിന്റെ ഐക്യശ്രമങ്ങളെ തകിടംമറിക്കുന്നതിനെതിരെയുള്ള ഒരു മുന്നറിയിപ്പുകൂടിയായി. അതിക്രമത്തിലൂടെയും നിയമസംഹിതകളെ തകിടം മറിക്കുന്നതിലൂടെയും പള്ളികൾ പിടിച്ചെടുത്തും പള്ളികൾ അടപ്പിച്ചും സമൂഹത്തിന് മുമ്പിൽ ഇനിയും സഭയുടെ സാക്ഷ്യം നഷ്ടപ്പെടുത്തരുത് എന്ന മുന്നറിയിപ്പ്.

മലങ്കരസഭയുടെ ദൈവശാസ്ത്രവും സഭാവിജ്ഞാനീയവും പാരമ്പര്യവും അത്യാവശ്യം പഠിച്ചുമനസ്സിലാക്കി സഭയുടെ ഒരുമിപ്പിനുവേണ്ടി ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ ന്യായാധിപന്മാർ നൽകിയിരിക്കുന്ന മുന്നറിയിപ്പോടുകൂടിയ ന്യായവിധി ഇനിയും മനസ്സിലാക്കുവാൻ ശ്രമിക്കാതെ നേതൃസ്ഥാനികൾ ഉൾപ്പെടെ ചില ആളുകൾ സഭയിൽ വീണ്ടും പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ ശ്രമിക്കുന്നു എന്നതിന്റെ ഉത്തമഉദാഹരണങ്ങളാണ് നെച്ചൂരിലും മറ്റും സമീപകാലത്ത് സംഭവിച്ച അനിഷ്ട സംഭവങ്ങൾ. ഭാരതത്തിന്റെ ഭരണഘടന എല്ലാ ജനങ്ങൾക്കും അവരവരുടെ വിശ്വാസമനുസരിച്ച് ആരാധിക്കുവാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെന്ന വസ്തുത മനസ്സിലാക്കിത്തന്നെയാണ് ബഹു. സുപ്രീംകോടതി മലങ്കരസഭയിലെ തർക്കങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള ന്യായവിധി പുറപ്പെടുവിച്ചിരിക്കുന്നത്. അവനവന്റെ വിശ്വാസം അനുസരിച്ചുള്ള ആരാധന നടത്തുവാനുള്ള സ്വാതന്ത്ര്യത്തിന് ഭാരതത്തിന്റെ നീതിന്യായവ്യവസ്ഥിതി അതിരുകൾ നിശ്ചയിച്ചിട്ടുണ്ട്. രാജ്യത്തിലെ പൗരന്മാർ എന്ന നിലയിൽ നീതിന്യായവ്യവസ്ഥിതികളെ തള്ളിക്കളഞ്ഞു ദൈവാരാധന നടത്തുവാൻ ആർക്കും അധികാരമില്ല. രാജ്യനിയമം ഏവർക്കും ബാധകമാണെന്നും പൗരന്മാർ സ്വീകരിക്കുന്ന സ്ഥാനനാമങ്ങൾ പോലും ഭാരതത്തിന്റെ നീതിന്യായവ്യവസ്ഥയോടു ചേർന്ന് നിൽക്കണമെന്നും അറിയാൻ പാടില്ലാത്തത് ആർക്കാണ്?

വിശ്വാസികൾ പള്ളിയിൽ പോകേണ്ടത് ആരാധിക്കുവാനാണ്. ആരാധനയെ അലങ്കോലപ്പെടുത്തുവാനോ ആരാധനാലയം നിയമപരമായ അവകാശികളിൽ നിന്ന് കൈയ്യേറി പിടിക്കുവാനോ ആരെയും ആക്രമിക്കുവാനോ ആകരുത്. വി. കുർബ്ബാനയിൽ പങ്കുചേരുവാനും അനുഭവിക്കുവാനും പ്രാർത്ഥിക്കുവാനും വാങ്ങിപ്പോയവരെ അനുസ്മരിച്ച് ധൂപം സമർപ്പിക്കുവാനും ദൈവാലയത്തിലോ സെമിത്തേരിയിലോ എത്തുന്ന ഒരു വിശ്വാസിയെയും നിയമപരമായി നിയോഗിക്കപ്പെട്ടിരിക്കുന്ന വൈദീകരോ പള്ളിച്ചുമതലക്കാരോ മറ്റ് വിശ്വാസികളോ ഒരിക്കലും നിരോധിക്കില്ല.

സഭാനേതൃത്വത്തിലുള്ളവർ എത്ര നേതൃപാടവമുള്ളവരായാലും എങ്ങോട്ടാണ് അവർ വിശ്വാസികളെ നയിക്കുന്നത് എന്ന ചോദ്യം വളരെ പ്രസക്തമാണ്. ജനങ്ങൾക്കിടയിൽ വിദ്വേഷവും സംഘർഷവും നിലനിർത്തി നേതാക്കളായി നിലനിൽക്കാം എന്ന ചിന്ത ഏതെങ്കിലും സഭാനേതാവിനുണ്ടെങ്കിൽ അതിന് ഇനി അധികം ആയുസ്സുണ്ടാകും എന്ന് കരുതുന്നില്ല. 2002-ൽ ഒരു ഭരണഘടന ഉണ്ടാക്കി സഭയിൽ അസമാധാനവും സംഘർഷവും വിതറി നേതാക്കളുടെ എണ്ണം കൂട്ടി പതിനഞ്ച് വർഷം കൂടി നീട്ടിയെടുത്തു. ആത്യന്തികഫലം എന്ത് എന്ന് ഗൗരവത്തോടെ പരിശോധിക്കുവാൻ ഇനിയെങ്കിലും ഇങ്ങനെയുള്ളവർ തയ്യാറാകണം. 1958-ലെ ബഹു. കോടതിവിധിപ്രകാരം സഭയിലെ എല്ലാവരും ഒരുപോലെ അംഗീകരിക്കുകയും മലങ്കരസഭയുടെ ചരിത്രപരമായ ഐക്യത്തിന് അടിസ്ഥാനമായി തീരുകയും ചെയ്ത 1934-ലെ സഭാഭരണഘടന രേഖാപരമായി ഒപ്പിട്ടുകൊടുത്തു സ്വീകരിച്ച നേതാക്കൾ പെട്ടന്ന് മറ്റൊരു ഭരണഘടന ഉണ്ടാക്കിയതെന്തിനുവേണ്ടിയാണെന്ന് ആർക്കാണ് മനസ്സിലാകാത്തത്? സമൂഹത്തിന്റെ നന്മയും ക്ഷേമവും ധാർമ്മികമൂല്യങ്ങളും കണക്കിലെടുത്ത് ഉണ്ടാക്കിയിരിക്കുന്ന അംഗീകരിക്കപ്പെട്ട ഒരു ഭരണഘടന നിലവിലിരിക്കുമ്പോൾ ജനങ്ങളെ ഭിന്നിപ്പിക്കുവാനും കലഹങ്ങൾ ഉണ്ടാക്കുന്നതിനും വേണ്ടി മറ്റൊരു ഭരണഘടന ഉണ്ടാക്കുന്നത് സ്വാർത്ഥതാല്പര്യങ്ങളുടെ നിവർത്തിക്കുവേണ്ടിയാണ്.

1934-ലെ ഭരണഘടനയുടെ ഉദ്ദേശലക്ഷ്യങ്ങൾ ഉത്തമങ്ങളാണെന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് 1958-ലും 1995-ലും 2017-ലും ബഹു സുപ്രീംകോടതി അതിനെ ഉയർത്തിപ്പിടിച്ചുകൊണ്ട് ആവർത്തിച്ചുള്ള വിധികൾ പ്രഖ്യാപിച്ചിരിക്കുന്നത്. 2002-ലെ ഭരണഘടന ഉൾപ്പെടെ സർവ്വ ഉടമ്പടികളെയും റദ്ദാക്കിക്കൊണ്ടു വിധി പ്രഖ്യാപിച്ചിരിക്കുന്നതും അതുകൊണ്ടാണ്. സമൂഹത്തിന്റെ നന്മയും അനുരഞ്ജനവും ലക്ഷമാക്കി നീതിപീഠം നൽകിയിരിക്കുന്ന വിധിയെ തന്ത്രങ്ങളിലൂടെ മറികടക്കാൻ ശ്രമിക്കുന്നതും ചോദ്യം ചെയ്യുന്നതുമൊക്കെ ഇന്ത്യൻ ഭരണഘടനയോടും നീതിന്യായവ്യവസ്ഥകളോടുമൊക്കെയുള്ള അവ

ഹേളനമാണ്. നന്മയുള്ള വിശ്വാസികളിൽ ചിലരെ തീവ്രവാദികളാക്കി മാറ്റി സഭയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന നേതാക്കന്മാർ ആരെങ്കിലും ഉണ്ടെങ്കിൽ അവർ ദൈവസന്നിധിയിൽ കണക്കു ബോധിപ്പിക്കേണ്ടിവരും.

അന്ത്യോക്യാ മലങ്കരബന്ധം നീണാൾ വാഴട്ടെ. :- സമീപകാലത്തായി ഉയർന്നുകേൾക്കുന്ന ഒരു മുദ്രാവാക്യമാണിത്. യാക്കോബായ വിഭാഗം എന്ന് വിളിക്കപ്പെടുന്ന സഹോദരങ്ങളാണ് ഇത് ഉച്ചത്തിൽ വിളിച്ചുപറയുന്നത്. സുറിയാനി ഓർത്തഡോക്സ് സഭയോടും അതിന്റെ പ്രധാന മേലദ്ധ്യക്ഷനായ പ. പാത്രിയർക്കീസ് ബാവയോടും ഉള്ള ബന്ധത്തെക്കുറിച്ചാണ് ഈ മുദ്രാവാക്യം അർത്ഥമാക്കുന്നതെങ്കിൽ ഓർത്തഡോക്സ് വിശ്വാസം പുലർത്തുന്ന മലങ്കര സഭയിൽ ഒരാൾക്കുപോലും അതിൽ വിയോജിപ്പുണ്ടാകുകയില്ല. ഓർത്തഡോക്സ് വിശ്വാസത്തിന്റെ അടിസ്ഥാനത്തിലും ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ സഭാവിജ്ഞാനീയത്തിലും ഊന്നിയുള്ള ഒരു ആഗ്രഹത്തെയോ പ്രഖ്യാപനത്തെയോ സഭാവിശ്വാസികൾ ആരും എതിർക്കുകയില്ല. വി. കുർബ്ബാന ഐക്യത്തിൽ മുന്നോട്ടുപോകുന്ന എല്ലാ ക്രൈസ്തവസഭകളുമായുള്ള മലങ്കരയുടെ ബന്ധം നീണാൽ വാഴണം എന്നതായിരിക്കണം നമ്മുടെ അഭിലാഷം. പരസ്പരബഹുമാനവും ആദരവും നന്ദിയും സ്നേഹവും ഒട്ടും കുറയ്ക്കാതെ ബന്ധം നിലനിർത്തുവാൻ ശക്തിയുള്ള ഓറിയന്റൽ ഓർത്തഡോക്സ് സഭാവിജ്ഞാനീയം കാത്തുസൂക്ഷിക്കുവാൻ ഏവർക്കും ഉത്തരവാദിത്തമുണ്ട്. ഭാരതത്തിന്റെ പരമോന്നത നീതിപീഠം നൽകിയിരിക്കുന്ന നീതിന്യായവ്യവസ്ഥിതികളെ ലംഘിച്ചുകൊണ്ടും സ്വത്വബോധം നഷ്ടപ്പെടുത്തിക്കൊണ്ടും ആരോടും നീണാൽ വാഴുന്ന ബന്ധം ഉണ്ടായിരിക്കരുതെന്ന് വിവക്ഷ.

മലങ്കരയിലെ അന്ത്യോക്യൻ പാരമ്പര്യം: മലങ്കരസഭയുടെ പുരാതനകാലം മുതലുള്ള അന്ത്യോക്യൻ ബന്ധം എന്ന ചൊല്ല് സമീപകാലത്തായി ഉയർന്ന് കേൾക്കുന്ന ശബ്ദമാണ്. അത് ഭാരതത്തിലെ പൊതു ക്രൈസ്തവ സമൂഹം ചർച്ചയ്ക്ക് വിധേയമാക്കാവുന്നതാണ്. ഏ.ഡി. 1665 മുതലുള്ള ബന്ധം സംബന്ധിച്ച് മലങ്കരസഭയിൽ ആരും വിയോജിക്കുമെന്ന് കരുതുന്നില്ല. ഏതു കാലം മുതലാണെങ്കിലും മലങ്കരസഭയുടെ നിലവിലുള്ള ദൈവശാസ്ത്രം ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടേതും ആരാധനാപാരമ്പര്യത്തിന്റെ സിംഹഭാഗം അന്ത്യോക്യൻ സുറിയാനിസഭയുടേതുമാണ്. എന്നാൽ, എല്ലാം അന്ത്യോക്യരുടേതെന്ന് പറയുന്നതിൽ ന്യായമില്ല. ശരിയായ ഒരു വിശകലനത്തിൽ, അലക്സന്ത്രിയൻ, ഗ്രീക്ക്, ലത്തീൻ, ഇന്ത്യൻ, സുറിയാനി ഘടകങ്ങളുടെ ഒരു സമന്വയം മലങ്കരയുടെ ആരാധനാപാരമ്പര്യത്തിലും ആചാരാനുഷ്ഠാനങ്ങളിലും ദർശിക്കാവുന്നതാണ്. മലങ്കരയിൽ മാത്രമല്ല, എല്ലാ ആരാധനാ പാരമ്പര്യങ്ങളിലും ഇതുപോലെയുള്ള ഒരു സമന്വയവും സ്വാധീനവും പ്രകടമാണ്. അന്ത്യോക്യൻ പാരമ്പര്യത്തിൽ ഒരു നല്ല പങ്കും ഗ്രീക്ക് രചനകളിൽ നിന്ന് രൂപീകരിച്ചിട്ടുള്ളതാണ്. സുറിയാനിക്കാരുടെ കിരീടം എന്ന് വിളിക്കപ്പെടുന്ന അന്ത്യോക്യയിലെ മാർ സേവേറിയോസ് പാത്രിയർക്കീസിന്റെ എഴുത്തുകൾ എല്ലാം ലഭ്യമായിരിക്കുന്നത് ഗ്രീക്ക് ഭാഷയിൽ നിന്നാണ്. ദൈവശാസ്ത്ര–ആരാധനാപാരമ്പര്യങ്ങളുടെ പരസ്പരബന്ധവും സ്വാധീനവും ബഹുമാനാദരവുകൾക്കതീതമായ ഭരണവിധേയ ചിന്താഗതികളായി മാറുന്നത് റോമാ, പോർച്ചുഗീസ്, ബ്രിട്ടീഷ്, അറബി, സുറിയാനി കോളനിവൽക്കരണ സംസ്ക്കാരത്തിന്റെ ഭാഗമാണ്. അതിനെ ഓറിയന്റൽ ഓർത്തഡോക്സ് സഭാവിജ്ഞാനീയത്തിന്റെ ഭാഗമാക്കി മാറ്റുന്നത് ശരിയായ രീതിയായി കാണരുത്. സഹായങ്ങൾ ആവശ്യമുള്ളവർക്ക് ചെയ്തുനൽകുന്നത് ക്രൈസ്തവധർമ്മമാണ്. കോപ്റ്റിക്ക് (അലക്സാന്ത്രിയൻ) സഭ എത്യോപ്യൻ സഭയെ ഏ.ഡി. നാലാം നൂറ്റാണ്ടുമുതൽ ഏ.ഡി. 1951 വരെ സഹായിച്ച ഒരു ചരിത്രമുണ്ട്. ഇപ്പോൾ എത്യോപ്യൻ സഭ സർവ്വ സ്വതന്ത്രയായ സഭയാണ്. അർമ്മീനിയൻ പാരമ്പര്യത്തിൽ സർവ്വസ്വാതന്ത്ര്യമുള്ള രണ്ട് കാതോലിക്കേറ്റുകൾ അർമ്മീനിയായിലും ലബനോനിലുമായി നിലവിലുണ്ട്. ഇവയൊക്കെ ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ ഭാഗങ്ങളാണ്. ഇങ്ങനെയുള്ള പൗരസ്ത്യ ക്രൈസ്തവ യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കുന്നുവെങ്കിലും അംഗീകരിക്കുവാൻ തയ്യാറാകാതെ നിൽക്കുന്ന നേതൃസ്ഥാനികൾ മലങ്കരസഭയിൽ ഉണ്ടായിരിക്കുന്നു എന്നതാണ് വിരോധാഭാസമായി മാറുന്നത്.

പ. അന്ത്യോക്യാ പാത്രിയർക്കീസ് പ. പത്രോസ് ശ്ലീഹായുടെ പിൻഗാമിയാണെന്നും ശ്ലൈഹിക അധികാരവും പിൻതുടർച്ചയും അതുവഴിമാത്രമേ ലഭിക്കുകയുള്ളു എന്നും തോമായുടെ ശ്ലൈഹിക സിംഹാസനം ആലങ്കാരികമാണെന്നുമുള്ള വാദങ്ങൾ സമീപകാലത്തായി കേൾക്കുന്നതാണ്. റോമൻ കത്തോലിക്കാ സഭയുടെ സഭാവിജ്ഞാനിയത്തോട് ചേർന്ന് പോകുന്ന ചില വാദങ്ങളായിട്ടുമാത്രമേ ഇതിനെ മനസ്സിലാക്കുവാൻ പറ്റുന്നുള്ളു. ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെയോ ബൈസന്റൈൻ ഓർത്തഡോക്സ് സഭകളുടെയോ സഭാവിജ്ഞാനീയത്തിൽ ഇപ്രകാരം ഒരുപഠിപ്പിക്കൽ ഉണ്ടെന്ന് കരുതുന്നില്ല. ഓർത്തഡോക്സ് സഭകളുടെ ചിന്തയിൽ ശ്ലൈഹികത കർത്താവിനടുത്തതാണ്. കർത്താവിൽ നിന്ന് ലഭിച്ചതാണ് അപ്പോസ്തോലന്മാർക്കുള്ളത്. സത്യവിശ്വാസം പുലർത്തുന്ന എല്ലാ സഭകളിലും ഈ ശ്ലൈഹിക അധികാരവും പിൻതുടർച്ചയും ഒഴുകുന്നുണ്ട്. അലക്സന്ത്രിയായിലെ സഭയുടെ സ്ഥാപകൻ ശ്ലീഹന്മാരിൽ ഒരുവനല്ലാത്ത വി. മർക്കോസ് ഏവൻഗേലിയോസ്താ ആണെന്നും അപ്പോസ്തോലിക വിശ്വാസം പുലർത്തുന്ന ശ്ലൈഹിക സഭകളിൽ പലതിന്റെയും സ്ഥാപകർ പന്ത്രണ്ട് ശ്ലീഹന്മാർ അല്ലെന്നും മനസ്സിലാക്കുന്നവർക്ക് ഇതിൽ ഒരു സംശയവും ഉണ്ടാവുകയില്ല. മലങ്കരസഭയുടെ വ്യവഹാരങ്ങൾക്ക് അറുതി വരുത്തി വിധിതീർപ്പ് കല്പിച്ച ന്യായാധിപന്മാർ ഇത് മനസ്സിലാക്കിക്കൊണ്ട് വിധി പ്രസ്താവിച്ചു എന്നത് തർക്കങ്ങൾ ഉണ്ടാക്കാൻ വേണ്ടി തർക്കവിഷയങ്ങൾ സൃഷ്ടിക്കുന്നവരുടെ കണ്ണുതുറപ്പിക്കും എന്ന് കരുതുന്നു.

പള്ളികളുടെ സ്ഥാപനോദ്ദേശം നിലനിർത്തണം എന്നതിനാൽ പള്ളികൾ വിട്ടുകൊടുക്കാൻ പാടില്ല എന്നപേരിൽ നിയമവ്യവസ്ഥിതികളെ വെല്ലുവിളിക്കുന്ന രീതി കാണുന്നുണ്ട്. പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ ആരാധനയും ആചാരാനുഷ്ഠാനങ്ങളും നിലനിർത്തി ദൈവജനത്തെ സത്യത്തിലും ആത്മാവിലും നയിക്കുക എന്നതിനപ്പുറമായ ഒരു സ്ഥാപനോദ്ദേശവും മലങ്കരസഭയുടെ പള്ളികൾക്കില്ല. അതിനെതിരായി പ്രവർത്തിക്കുന്നവർക്ക് പള്ളികളിൽ നിന്ന് വിട്ടുമാറി സ്വന്തഇഷ്ടപ്രകാരം പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം ബഹു. സുപ്രീംകോടതി നൽകുന്നുണ്ട്.

ഇതിനോട് ചേർന്ന് നിൽക്കുന്നതാണ് ഇടവകപള്ളികളുടെ സ്വാതന്ത്ര്യവും ഭൂരിപക്ഷത്തിന്റെ തീരുമാനവും എന്നൊക്കെയുള്ള അസ്വാദ്യകരമായ വാക്കുകൾ.. ഇന്ത്യൻ ഭരണഘടനയും അതിനുള്ളിൽ നിൽക്കുന്ന മലങ്കരസഭയുടെ 1934–ലെ ഭരണഘടനയും നിയമവ്യവസ്ഥിതികൾക്കുള്ളിൽ നിന്ന് ഈ രണ്ട് കാര്യങ്ങളും അനുവദിക്കുന്നുണ്ട്. വിശ്വാസം, പട്ടത്വം, ശിക്ഷണം എന്നീ 3 കാര്യങ്ങൾ ഒഴികെ (ഇവ മറ്റ് ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ ദൈവശാസ്ത്രം, കാനോനകൾ എന്നിവയുമായി ബന്ധപ്പെട്ടു നിൽക്കുന്നവയാകയാൽ പ. എപ്പിസ്കോപ്പൽ സിന്നഹദോസിന്റെ അധികാരത്തിൽ വരുന്നവയാണ്) ബാക്കി എല്ലാ കാര്യങ്ങളും ഭരണഘടനയ്ക്ക് വിധേയമായി ഭൂരിപക്ഷപ്രകാരമാണ് നിശ്ചയിക്കപ്പെടുന്നത്. പ. കാതോലിക്കായും മെത്രാപ്പോലീത്താമാരും തുടങ്ങി ഭരണനിർവ്വഹണം നടത്തുന്ന എല്ലാവരും ഭൂരിപക്ഷപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവരാണ്. ഇടവകപ്പള്ളികളുടെ സ്വത്തും മറ്റും സഭാഭരണഘടനയ്ക്ക് വിധേയമായി ഇടവകകൾ തന്നെയാണ് പൂർണ്ണ സ്വാതന്ത്ര്യത്തോടെ കൈകാര്യം ചെയ്യുന്നത്. വ്യവസ്ഥിതികളുടെ ഉള്ളിൽ നിന്നുകൊണ്ട് വിനിയോഗം നടത്തുവാനുള്ള പൂർണ്ണസ്വാതന്ത്ര്യം എന്നതിനപ്പുറമായ ഒരു സ്വാതന്ത്ര്യം ശിക്ഷണബോധം നഷ്ടപ്പെടുന്നവരുടെ സ്വാതന്ത്ര്യ ദുർവ്വിനയോഗമായിട്ടേ കണക്കാക്കുവാൻ പറ്റുകയുള്ളു. അംഗീകരിക്കപ്പെട്ടിരിക്കുന്ന ഒരു നിയമവ്യവസ്ഥിതി ഉണ്ടായിക്കഴിഞ്ഞാൽ പിന്നീട് ഭൂരിപക്ഷം നിശ്ചയിക്കുന്നതും സ്വാതന്ത്ര്യം അനുഭവിക്കുന്നതുമൊക്കെ ആ വ്യവസ്ഥിതിയോടുള്ള വിധേയത്വത്തിലാണെന്ന് ബഹു. സുപ്രീംകോടതിവിധി വ്യക്തമാക്കുന്നു.

2017 ജൂലൈ 3–ന് ഉണ്ടായിരിക്കുന്ന വിധി, നടപ്പിലാക്കുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അതു നടപ്പിലാക്കിയാൽ സ്വാർത്ഥതാല്പര്യങ്ങൾക്ക് ഭംഗം ഉണ്ടാകും എന്ന് ആശങ്കപ്പെടുന്ന ചില നേതാക്കന്മാരും അവരോട് ചേർന്ന് നിൽക്കുന്ന ചില ഉപജാപകവൃന്ദങ്ങളും ഒഴികെ സഭയിലെ ഭൂരിപക്ഷവും അതാഗ്രഹിക്കുന്നു. അതുകൊണ്ടുതന്നെ ഈ വിധി നടപ്പിലാക്കുക എന്നത് ദൈവനിയോഗമായി കണക്കാക്കുവാൻ ഏവർക്കും സാദ്ധ്യമാകണം. മലങ്കരസഭാതർക്ക പരിഹാരത്തിനു മദ്ധ്യസ്ഥരുടെ ആവശ്യം ഉണ്ടെന്നത് ഒരു സ്ഥിരപല്ലവിയാണ്. ഭാരതത്തിന്റെ പരമോന്നത നീതിപീഠം നൽകിയിരിക്കുന്ന മദ്ധ്യസ്ഥതാ തീരുമാനം നടപ്പിലാക്കുവാനും മലങ്കരസഭയിൽ ഐക്യവും സമാധാനവും ഉണ്ടാകുവാനും ഏതു മദ്ധ്യസ്ഥനും മുന്നോട്ട് വരാവുന്നതാണ്.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലേഖനം

സഭാഭാസുരനും ഇടവകകളുടെ ഭരണവും

ജോയ്സ് തോട്ടയ്ക്കാട്

മലങ്കരമെത്രാൻ പ്രാദേശിക പരിഗണനകളുടെ തടവറകളിൽനിന്ന് മോചിതനായി പൊതുസഭയുടെ ക്ഷേമാന്വേഷകനായി അംഗീകാരം നേടിയത് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമന്റെ കാലത്താണ്. അത് അന്ന് സഭയുടെ ആദരവിന് കാരണമായി. അനുയായികളിലുണ്ടായ ഈ ആവേശം ചില ചിട്ടകൾക്കു രൂപംകൊടുക്കുവാനുള്ള അനുകൂല കാലാവസ്ഥയായി മെത്രാപ്പോലീത്താ വളർത്തിയെടുത്തു.[1]

കുറുപ്പംപടി പള്ളിയുടെ ചരിത്രകാരൻ എഴുതുന്നത് കാണുക: "ഇദ്ദേഹത്തിന്റെ കാലത്ത് (പുലിക്കോട്ടിൽ ഒന്നാമന്റെ) ഈ പള്ളിയുടെ തെരട്ട് കോട്ടയം സിമ്മനാരിയിൽ തിരുമുമ്പാകെ പള്ളിയോഗം ഹാജരാക്കി. ഇക്കാലം മുതല്ക്കാണ് മലങ്കര മെത്രാപ്പോലീത്തന്മാർക്ക് കോട്ടയത്ത് ആസ്ഥാനമുണ്ടായത്" (കുറുപ്പംപടി പള്ളി ചരിത്രം, ഫാ. ആത്തുങ്കൽ, പുറം 118).

സഭയിൽ ഒരു കേന്ദ്രീകൃത ഭരണമുണ്ടാവുന്നതിന്റെയും ഒരു മെത്രാന്റെ പ്രസക്തി ഇടവകതലത്തിൽ അംഗീകരിക്കപ്പെടുന്നതിന്റെയും രജത രേഖയാണീ പ്രസ്താവന. ആർത്താറ്റ് പടിയോലയിൽ നിന്ന് ആരംഭിച്ച് കണ്ടനാട് പടിയോലയിലൂടെ വളർന്ന അദ്ദേഹത്തിന്റെ സഭാദർശനം കൂടുതൽ വികാസോന്മുഖമാകുന്നതിന്റെ തെളിവായി ഇതിനെ കാണാം. 1934-ൽ രൂപംകൊണ്ട മലങ്കരസഭാ ഭരണഘടനയുടെ നിയാമക ഘടകങ്ങളിൽ ഒന്നായ എപ്പിസ്ക്കോപ്പൽ സൂപ്പർവിഷൻ സഭയിൽ ആദ്യമായി പ്രാവർത്തികമാക്കിയത് പുലിക്കോട്ടിൽ ഒന്നാമന്റെ ക്രാന്തദർശിത്വമാണ് എന്ന് കുറുപ്പംപടി ചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നു.[2]

സഭാഭരണത്തിലെ ജനകീയശൈലി

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരള മതങ്ങൾ പ്രകടമായി രണ്ട് പ്രവണതകളാണ് ഭരണതലത്തിൽ പ്രകടമാക്കിയിരുന്നത്. ഹിന്ദുമതത്തിലും കത്തോലിക്കാ സഭയിലും വൈദികരുടെ ആധിപത്യമാണ് മുന്നിട്ടുനിന്നിരുന്നത്. നവീകരണ സഭകളിലാണെങ്കിൽ വൈദികർ ഉണ്ടെങ്കിലും ഭരണം കൈയാളിയിരുന്നത് അവൈദികരാണ്. വേണമെങ്കിൽ ക്രിസ്തീയപദങ്ങൾ ഉപയോഗിച്ച് ഈ വ്യത്യസ്തതകളെ എപ്പിസ്ക്കോപ്പൽ ഭരണം എന്നും കോൺഗ്രിഗേഷണൽ ഭരണം എന്നും വിശേഷിപ്പിക്കാവുന്നതാണ്. രണ്ടിനും അതതിന്റെ മേന്മകളും കോട്ടങ്ങളുമുണ്ട്. സഭയുടെ ഭരണത്തിന് രണ്ട് ശൈലിയുടെയും ഉത്തമാംശങ്ങൾ സമന്വയിപ്പിച്ച് അപൂർവമായ ഒരു പുത്തൻ ശൈലിയാണ് മലങ്കരസഭ സ്വീകരിച്ചത്. തനി വൈദികഭരണശൈലിയോ അവൈദിക ഭരണശൈലിയോ ആയിരുന്നില്ല അത്.

മെത്രാപ്പോലീത്താ, വൈദികൻ, അവൈദികൻ എന്നീ മൂന്ന് ഗണങ്ങളെ കണക്കിലെടുത്ത് സഭയുടെ ട്രസ്റ്റ് കൈകാര്യം ചെയ്യുന്നത് മൂന്ന് ഗണത്തിന്റെയും പ്രതിനിധികൾ ഒന്നിച്ചു ചേർന്നിട്ടാവണം എന്നുള്ളതാണ് ആ ജനകീയ ഭരണശൈലിയുടെ കാതൽ. എല്ലാ ഇടവകകൾക്കും തുല്യ പ്രാതിനിധ്യമുള്ള മലങ്കര അസോസ്യേഷനിൽ സഭയുടെ പരമാധികാരം നിക്ഷിപ്തമായിരിക്കുന്നു. മെത്രാന്റെ അധ്യക്ഷത അസോസ്യേഷന് സഭാപരമായി അതിർവരമ്പുകൾ ഇട്ടിരിക്കുന്നു. ഈ യോഗം നിശ്ചയിക്കുന്ന ഒരു മെത്രാൻ ട്രസ്റ്റി, ഒരു വൈദികട്രസ്റ്റി, ഒരു അത്മായട്രസ്റ്റി ഇവർ മൂന്നുപേർ ചേർന്ന് ട്രസ്റ്റ് കൈകാര്യം ചെയ്യുന്നു. മൂന്ന് വിഭാഗത്തിന്റെയും പങ്കാളിത്തമുള്ള മാനേജിംഗ് കമ്മറ്റി അസോസ്യേഷന്റെ കർമ്മസമിതിയായി പ്രവർത്തിക്കുന്നു. ഈ സമതുലിതാവസ്ഥ മലങ്കരസഭയെ മാത്രമല്ല കേരളീയ മതജീവിതത്തിനാകമാനം ഉൾക്കാഴ്ച നൽകുന്നതായിരുന്നു. പുരോഹിത ഭരണത്തിൽ ശാഠ്യം പിടിച്ചിരുന്ന പ്രസ്ഥാനങ്ങളിൽ അവൈദിക പങ്കാളിത്തത്തിന് വേണ്ടിയുള്ള മുറവിളി ക്രമേണ ഉയർന്നു. ക്രമേണയാണെങ്കിലും പരിമിതമായ തോതിൽ അവൈദിക പ്രതിനിധികളെ



മലങ്കരസഭ ആഭ്യന്തര കലഹങ്ങൾക്കും വൈദേശിക ആക്രമണത്തിനും വിധേയമായിക്കൊണ്ടിരുന്ന വിധിനിർണ്ണായക ഘട്ടത്തിലാണ് പ. വട്ടശ്ശേരിൽ തിരുമേനിക്ക് മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ ഭരണം നടത്തേണ്ടി വന്നത്. നയചതുരനും ക്രാന്തദർശിയുമായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ ശൈലിയല്ല ഭരണകാര്യത്തിൽ വട്ടശ്ശേരിൽ തിരുമേനി കൈക്കൊണ്ടത്.

പള്ളിഭരണത്തിലേക്കു പ്രവേശിപ്പിക്കുവാൻ പല തിരുസഭകളിലും തീരുമാനമായതിന്റെ പിന്നിൽ മലങ്കരസഭയിൽ വിജയപൂർവ്വം പരീക്ഷിച്ച ഈ ജനകീയ ശൈലിയുടെ സ്വാധീനം കാണാം. മതപരമായ ജനകീയ പ്രസ്ഥാനങ്ങൾക്കു പിന്നീടുണ്ടായ ഭരണഘടനകളിൽ വൈദികന്റെയോ സന്യാസിമാരുടെയോ സ്ഥാനം അനിവാര്യമായിത്തീർന്നത് മലങ്കരസഭ നടപ്പിൽ വരുത്തിയ ഭരണശൈലിയുടെ സ്വാധീനത്തിന്റെ ഫലമായിട്ടായിരുന്നു.

ചുരുക്കത്തിൽ 1873-ലും 1876-ലുമായി നിലവിൽവന്ന മലങ്കരസഭയിലെ ജനാധിപത്യശൈലിയിൽ അധിഷ്ഠിതമായ ഭരണഘടനയാണ് കേരളത്തിലെ എല്ലാ സമൂഹങ്ങളിലും പിന്നീട് രൂപംകൊണ്ട് വളർച്ച പ്രാപിച്ച ഭരണഘടനകളുടെയും പ്രചോദനം. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കരസഭയ്ക്കു ഒരു നിയമാവലിയുണ്ടാക്കുമ്പോൾ കേരളത്തിലെ മറ്റേതെങ്കിലും പ്രസ്ഥാനങ്ങൾക്കു അംഗീകൃത ഭരണഘടനകൾ രൂപംപ്രാപിച്ചിരുന്നില്ല എന്നതും ശ്രദ്ധേയമാണ്. പരുമലയിലെയും മുളന്തുരുത്തിയിലെയും കാനോനാകൾ ഒരർത്ഥത്തിൽ ഭരണഘടന തന്നെയാണ്.[3] നവീകരണക്കാരുമായി നടന്ന സെമിനാരിക്കേസിൽ റോയൽ കോടതി വിധിയിൽ മുളന്തുരുത്തി സുന്ന

ഹദോസ് കാനോനാകളെ (നിശ്ചയങ്ങളെ) മലങ്കരസഭയുടെ ഭരണഘടന എന്നു തന്നെയാണ് വിശേഷിപ്പിക്കുന്നത്.[4]

മലങ്കരസഭ ആഭ്യന്തര കലഹങ്ങൾക്കും വൈദേശിക ആക്രമണത്തിനും വിധേയമായിക്കൊണ്ടിരുന്ന വിധിനിർണ്ണായക ഘട്ടത്തിലാണ് പ. വട്ടശ്ശേരിൽ തിരുമേനിക്ക് മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ ഭരണം നടത്തേണ്ടി വന്നത്. നയചതുരനും ക്രാന്തദർശിയുമായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ ശൈലിയല്ല ഭരണകാര്യത്തിൽ വട്ടശ്ശേരിൽ തിരുമേനി കൈക്കൊണ്ടത്. തിരുമേനിയുടെ ശൈലി തുടക്കത്തിൽ തന്നെ വൈദിക-അൽമായ നേതൃത്വത്തിലുള്ള പലർക്കും തെറ്റിദ്ധാരണയ്ക്കു കാരണമായി. പക്ഷേ, അധികതാമസമില്ലാതെ മലങ്കരസഭയെ കാൽക്കീഴാക്കാൻ അബ്ദുള്ളാ പാത്രിയർക്കീസ് ഒരുമ്പെട്ടിറങ്ങിയതോടെ വൈദിക-അൽമായ നേതൃത്വം മെത്രാപ്പോലീത്തായ്ക്കു പിന്തുണയുമായി കൂടെ നിന്നു. മലങ്കരസഭയുടെ സ്വാതന്ത്ര്യ സംരക്ഷണത്തിനു തന്നോടൊപ്പം നിന്നവരുമായുള്ള ആഴമായ ഹൃദയബന്ധത്തിന്റെ നേർചിത്രമാണ് വട്ടശ്ശേരിൽ തിരുമേനിയുടെ കല്പനബുക്കുകളിൽ ദർശിക്കുന്നത്. വിവരങ്ങൾ അറിയിക്കുവാനും അറിയാനും പ്രധാനമായി കത്തുകളെ മാത്രം ആശ്രയിച്ചിരുന്ന ആ കാലത്ത് കത്തുകളിലൂടെ മലങ്കരസഭയിലെ ഇടവകകളിലെ ചെറു സ്പന്ദനം പോലും മെത്രാപ്പോലീത്താ മനസ്സിലാക്കി. എല്ലാ ഇടവകകളിലും ഒന്നിലേറെ വിശ്വസ്ഥന്മാർ അദ്ദേഹത്തിനുണ്ടായിരുന്നു. കത്തുകളിലൂടെ അവരുമായുള്ള ഹൃദയബന്ധം കാത്തുസൂക്ഷിച്ചു. ഇടവകകളിലെ തർക്കവും വഴക്കും പിണക്കവുമെല്ലാം അവരിലൂടെ അതിവേഗം അറിഞ്ഞു. പോംവഴികൾ മറുപടിക്കത്തുകളിൽ എഴുതി. ചുമതലപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടും ഫലമില്ലെങ്കിൽ നേരിട്ടു ഇടവക സന്ദർശിച്ചു പ്രശ്നപരിഹാരത്തിനു ശ്രമിക്കും. ഇടവക സന്ദർശിക്കുവാൻ പെട്ടെന്നു സാധ്യമല്ലെങ്കിൽ പകരം തന്റെ പ്രതിനിധികളായി നേതൃത്വശേഷിയുള്ള വൈദികനെയും അൽമായനെയും നിയോഗിക്കും. ഇടവകകളിലെ ഭരണനേതൃത്വത്തിനു ഒരു വർഷം എന്ന കാലാവധി നിശ്ചയിച്ചതും ഇടവകഭരണവും കണക്കെഴുത്തും ക്രമീകൃതമാക്കിയതും വട്ടശ്ശേരിൽ തിരുമേനിയുടെ ഭരണകാലഘട്ടത്തിലാണ്. ഭദ്രാസന മെത്രാപ്പോലീത്താമാർ അക്കാലത്ത് ഉണ്ടായിരുന്നെങ്കിലും ഇടവക ഭരണ സംബന്ധമായ എല്ലാ കാര്യങ്ങളും നിയന്ത്രിച്ചിരുന്നത് മലങ്കര മെത്രാപ്പോലീത്താ തന്നെയാണ്.

പള്ളിയുടെ നിത്യ ചിലവിനു പണം കണ്ടെത്താനുള്ള മാർഗ്ഗം ഉദ്ബോധിപ്പിച്ചുകൊണ്ടുള്ള വട്ടശ്ശേരിൽ തിരുമേനിയുടെ കല്പന കാണുക:

"553. കോന്നി വടക്കേക്കര പുത്തൻ ... പള്ളിക്കു. യോഗനിശ്ചയം അനുസരിച്ചു വീടു ഒന്നുക്കു ഒരു തെങ്ങു വീതം തെങ്ങുകെട്ടുന്നതിനും അതിന്റെ വരുമാനവും നടവരവും കൊണ്ടു നിത്യച്ചെലവും ചിട്ടിക്കു അടയ്ക്കേണ്ട ചിലവും മറ്റും നടത്തിക്കൊള്ളണമെന്നും മുൻച്ചുമതലക്കാരുടെ ചുമതല ഒഴിച്ചു പുതുതായി തിരഞ്ഞെടുത്തിരിക്കുന്ന കുമ്പുക്കാട്ടു ഗീവറുഗീസു തോമസിനെ മുതൽക്കെട്ടിനും ആമ്പശ്ശേരിൽ ചാണ്ടി കോശിയെ കണക്കെഴുത്തിനും നാം നിയമിച്ചിരിക്കുന്നതിനാൽ അവരെക്കൊണ്ടു ചുമതലകൾ നടത്തിച്ചുകൊള്ളണമെന്നും മുൻചുമതലയിലെ കണക്കു കേട്ടു ബാക്കി പണവും റിക്കാട്ടുകളും ... താക്കോലുകളും പുതിയ ചുമതലക്കാരെ ഏല്പിച്ചു വികാരിയെക്കൊണ്ടും പുതിയ ചുമതലക്കാരെക്കൊണ്ടും രസീതു കൊടുപ്പിച്ചുകൊള്ളണമെന്നും പള്ളിവരുമാനങ്ങളെക്കുറിച്ചും പട്ടത്വവരുമാനങ്ങളെക്കുറിച്ചും പിന്നാലെ വിവരമായി എഴുതി അയക്കുമ്പോൾ കല്പന അയച്ചുകൊള്ളാമെന്നും മറ്റും. 1099 ധനു 22. കോട്ടയം മാർ ഏലിയാ ചാപ്പലിൽ നിന്നും."

പള്ളി ഭണ്ഡാരപ്പെട്ടിയും പള്ളി വക സാമാനങ്ങളും സൂക്ഷിക്കുന്നതിനു നിർദ്ദേശം കൊടുക്കുന്നത് ഇങ്ങനെയാണ്:

"626. ... കൊടുത്തുകൊള്ളേണ്ടതും മൂന്നുമ്മേൽ കുർബാന മുതലായി വേറെ പട്ടക്കാരെ കൂടി വരുത്തി നടത്തേണ്ടിയാവശ്യം നേരിടുമ്പോൾ ടി തോമസ് കത്തനാർ ടി ഈശോ കത്തനാരെർക്കു അറിവു കൊടുത്തു ക്ഷണിച്ചുവരുത്തി ആവശ്യങ്ങൾ നിർവഹിച്ചുകൊള്ളേണ്ടതുമാകുന്നു. 2. ഈ പള്ളിവക ഭണ്ഡാരപ്പെട്ടി ഇപ്പോൾ സൂക്ഷിച്ചുവരുന്ന പാക്കണ്ടത്തിൽ പീലിപ്പോസ് കൊച്ചുകോശി വശം മേലിലും വേറൊരു നിശ്ചയം ചെയ്യുന്നതുവരെ വച്ചു സൂക്ഷിക്കേണ്ടതും പള്ളിവരുമാനങ്ങളും പൊൻ, വെള്ളി മുതലായ പണയങ്ങളും മുൻപതിവുപോലെ ... വച്ചു സൂക്ഷിച്ചുകൊള്ളേണ്ടതുമാകുന്നു."

പള്ളിയുടെ വരവ്-ചെലവ് കണക്കുകളും തിരട്ടും അയച്ചു കിട്ടിയതിനു മറുപടി നൽകുന്നത് കാണുക:

"678. പാണ്ടങ്കരി പുത്തൻ പള്ളിക്കാർക്കു. കുംഭം 19-നു അയച്ച അപേക്ഷയും 97 കർക്കടകം 22 മുതൽ 99 കുംഭം 19-നു വരെയുള്ള തിരട്ടും കിട്ടിയെന്നും തിരട്ടിന്റെ ഒരു പകർപ്പിൽ ഒപ്പും മുദ്രയും വച്ചു അയയ്ക്കുന്നുയെന്നും മേലാൽ ആ പള്ളിയുടെ മുതൽചുമതല വഹിക്കുന്നതിനു മുണ്ടകത്തിൽ വർക്കി മത്തായിയെയും കണക്കനായി കണിച്ചേരിലായ പഴയമാലിൽ മാത്തൻ മാത്തനെയും സ്ഥിരപ്പെടുത്തി നിയമിച്ചിരിക്കുന്നുവെന്നും മറ്റും. 1099 മീനം 9. പരുമല സിമ്മനാരി."

ഇടവക പൊതുയോഗ നിശ്ചയങ്ങളും മറ്റും അയക്കുന്നതിനോടൊപ്പം പള്ളി വികാരിയുടെ ശുപാർശകത്ത് അല്ലെങ്കിൽ റിപ്പോർട്ട് അനിവാര്യമായിരുന്നു. അതില്ലാത്തവ ലഭിച്ചാൽ അത് അയക്കുവാൻ മറുപടി കൊടുത്തിരുന്നു:

"679. ആർത്താറ്റു കുന്ദംകുളം പള്ളിക്കാർക്കു. പ്രിയരെ, കഴിഞ്ഞ മാസം 20-നു നാം നിങ്ങൾക്കു അയച്ച കല്പനയിലെ താൽപര്യം അനുസരിച്ചു ഈ മാസം 1-നു അവിടെ കൂടിയ പൊതുയോഗത്തിന്റെ നിശ്ചയങ്ങൾ യോഗാദ്ധ്യക്ഷന്റെ നിലയിൽ തെക്കേക്കര കുറിയാക്കോസ് കത്തനാർ റിപ്പോർട്ടു സഹിതം നമുക്കു അയച്ചുതന്നതു കിട്ടി. വായിച്ചു കണ്ടതിൽ സന്തോഷിക്കുന്നു. ഇപ്പോഴത്തെ കൈക്കാരന്മാർ പ്രശസ്ത രീതിയിൽ നടത്തിയ തൃപ്തികരമായ ഭരണത്തിനെ സംബന്ധിച്ചു യോഗം തന്നെ അഭിനന്ദിച്ചു രേഖപ്പെടുത്തിയതിൽ സന്തോഷിക്കയും നാമും അവരെ അനുമോദിക്കുകയും ചെയ്യുന്നതു കൂടാതെ യോഗത്തിനു എത്തിയവരുടെ നേരെയുള്ള സന്തോഷത്തെയും തൃപ്തിയെയും കാണിക്കുന്നതിനു വേണ്ടി പള്ളിചിലവിന്മേൽ ഒരു ഫോട്ടോ എടുപ്പിക്കണമെന്നും മറ്റും യോഗത്തിൽ നിശ്ചയിച്ചപ്രകാരം നടത്തിച്ചുകൊള്ളുന്നതിനും നാം അനുവദിച്ചിരിക്കുന്നു. ഇപ്പോഴത്തെ കൈക്കാരന്മാർ അവരുടെ ജോലി രാജി വച്ചു കഴിഞ്ഞിരിക്കയാൽ പകരം നിങ്ങൾ ഇപ്പോൾ തിരഞ്ഞെടുത്തിരിക്കുന്ന തലക്കോട്ടുകര പായി ചാക്കുണ്ണിയെയും തെക്കേക്കര അയ്പു താരുവിനെയും പനയ്ക്കൽ ചെറിയാക്കു ഇയ്യാക്കുവിനെയും കൈക്കാരന്മാരായി ഈ കല്പന മൂലം നാം ... നിയമിച്ചിരിക്കുന്നു. അതിനാൽ 1099 ചിങ്ങം മുതലുള്ള വരവു ചെലവുകളുടെ കണക്കുകൾ വായിച്ചു കേട്ടു ആക്ഷേപം ഇല്ലാത്തപക്ഷം അതിനെ സ്വീകരിക്കുകയും പുതിയ കൈക്കാരന്മാർ പഴയ കൈക്കാരന്മാരിൽ നിന്നു മേൽപൂട്ടിന്റെ താക്കോലുകളും അതു സംബന്ധമായ സകല രേഖകളും റിക്കാർട്ടുകളും മറ്റും ഏറ്റുവാങ്ങിക്കൊള്ളുകയും ഇനിയൊരു പുതിയ കല്പന ഉണ്ടാകുന്നതു വരെ പുതിയ കൈക്കാരന്മാരെ കൊണ്ടു അവരുടെ ചുമതലകളെ ഭംഗിയായും കൃത്യമായും നടത്തിച്ചുകൊള്ളുകയും വേണം. ശേഷം കാര്യങ്ങൾക്കു പിന്നാലെ നാം കല്പന അയയ്ക്കുന്നതാണ്. 1099 മീനം 9. പരുമല സിമ്മനാരി."

വികാരിമാരെക്കുറിച്ചോ മറ്റ് പൗരോഹിത്യശ്രേണിയിലുള്ളവരെക്കുറിച്ചോ പരാതി ലഭിച്ചാൽ അവരോട് വിശദീകരണം ചോദിച്ച് മറുപടി ലഭിച്ച ശേഷമേ ആ വിഷയത്തിൽ തീരുമാനവും നടപടികളും എടുത്തിരുന്നുള്ളൂ:

"1003. ... കത്തനാർക്കു വാഴ്വ്. പ്രിയനെ, തന്നെ സംബന്ധിച്ചു ചില പരാതി ഹർജികൾ നമ്മുടെ അടുക്കൽ വന്നിരിക്കുന്നതു കൂടാതെ ചിലർ അതുകളെ സംബന്ധിച്ചു നമ്മുടെ അടുക്കൽ വന്നു മുഖദാവിൽ അറിയിക്കയും ചെയ്തിരിക്കുന്നു. മാർത്തോമ്മാ സഭയിൽ നടന്നുവന്നവനായ കളെക്കാലിൽ കുഞ്ഞച്ചൻ എന്നവൻ അവന്റെ വിവാഹഭാര്യയെ ഉപേക്ഷിച്ചു വേറെ സ്ത്രീകളെ കൊണ്ടു വന്നു കൂടെ പാർപ്പിക്കുക മൂലവും മറ്റും മാർത്തോമ്മാ സഭയിൽ നിന്നു അവനെ മുടക്കി തള്ളിയിരിക്കയാണെന്നും അവനെയും അവന്റെ കൂടെ പാർപ്പിച്ചിരുന്ന ഒരു സ്ത്രീയെയും തമ്മിൽ താൻ ഈയിടെ അയിരൂർ പഴയ പള്ളിയിൽ വച്ചു വിവാഹം കഴിപ്പിക്കയും അവരെ ആ ഇടവക അംഗങ്ങളായി സ്വീകരിക്കയും വ്യഭിചാരത്തിൽ ജനിച്ച അവരുടെ കുട്ടികളെ മാമോദീസാ മുക്കിക്കൊടുക്കയും മറ്റും ചെയ്തതായിട്ടാണ് തന്റെ മേലുള്ള പരാതി. നിയമപരമായും കുറ്റകരവുമായ ഈ തന്റെ പ്രവൃത്തിയെ സ്വീകരിപ്പാൻ വേണ്ടി നാം അനുവദിച്ചിട്ടാണു താൻ ഇതു ചെയ്തതെന്നു താൻ പ്രസ്താവിച്ചു വരുന്നതായും മേലധികാരത്തെ ധിക്കരിക്കുന്നതിനു താൻ തയാറായിരിക്കുന്നതായും ... ഇതു താൻ പ്രവർത്തിച്ചതെന്നും മറ്റും പലരിൽ നിന്നും നാം പറഞ്ഞുകേട്ടതു കൂടാതെ പരാതി ഹർജികളിലും കാണുന്നുണ്ട്. അതിൽ ഒരു ഹർജി താൻ ഇപ്പോൾ ... മതാപ്പാറ പള്ളിയിലെ ജനങ്ങൾ യോഗം കൂടി എഴുതി അയച്ചിട്ടുള്ളതാണെന്നും ഇതിനാൽ അറിഞ്ഞുകൊള്ളണം. താൻ ഈവിധം പ്രവർത്തിച്ചതാണെങ്കിൽ ആയതു ഗൗരവമേറിയ ഒരു കുറ്റമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. കുറ്റക്കാരോടു സമാധാനം ചോദിക്കാതെ തീരുമാനം ചെയ്യുന്നതു നമുക്കു

ചേർച്ചയല്ലെന്നതിനാൽ ഇതിനെക്കുറിച്ചു തനിക്കു വല്ലതും സമാധാനം ബോധിപ്പിക്കാനുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളുവാൻ വേണ്ടി ... അയക്കുന്നതാണ്. ... അടുക്കൽ ബോധിപ്പിച്ചുകൊള്ളണമെന്നും മറ്റും. ... 1099 മിഥുനം 27. പരുമല സിമ്മനാരി."

പ്രശ്നബാധിതമായ ഒരു പള്ളി സംബന്ധിച്ച് എടുത്ത നടപടിയനുസരിച്ചു പ്രശ്നം പരിഹരിക്കാത്ത സാഹചര്യത്തിൽ വികാരിക്കെഴുതിയ കത്ത് ഇങ്ങനെയായിരുന്നു:

"23. വടക്കേടത്തു ഗീവറുഗീസു കത്തനാർക്കു. വാഴമുട്ടത്തു പള്ളിക്കാർക്കു മുൻ നാം ഒരു കല്പന അയച്ചിരുന്നതനുസരിച്ച് പ്രവർത്തിക്കാതെ സംഗതികൾ കുഴപ്പത്തിലാണെന്നും മറ്റും മുതൽക്കെട്ടുകാരൻ അറിയിച്ചിരിക്കുന്നു എന്നും അതിനാൽ കുഴപ്പം കൂടാതെ കഴിയുന്നതിനു ശ്രമിക്കണമെന്നും മുതൽക്കെട്ടുകാരനെ കുറ്റക്കാരനെന്ന് കണ്ടാൽ മാറ്റുന്നതിന് വിരോധമില്ലെന്നും അല്ലെങ്കിൽ പള്ളിവരുമാനം മുതൽക്കെട്ടിൽ ഏല്പിച്ചു കണക്കനെക്കൊണ്ടു കണക്കെഴുതിക്കണമെന്നും മറ്റും. 1100 ധനു 28. പരുമല സിമ്മനാരിയിൽ നിന്നും."

ചിലവുകൾക്ക് കണക്കെഴുതുകയോ കണക്ക് അവതരിപ്പിക്കുകയോ ചെയ്യാത്ത പള്ളിച്ചുമതലക്കാരെ നയപരമായി കണക്ക് എഴുതുവാൻ പ്രേരിപ്പിക്കുന്ന കല്പന കാണുക:

"447. തലവടി പടിഞ്ഞാറേക്കര പള്ളിയിൽ വികാരിയും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്. പ്രിയരെ, ആ പള്ളി സംബന്ധമായ വരവുചിലവു കണക്കുകൾ ... കേട്ടു തീരുമാനിച്ചതിന്റെ ശേഷം ഇതുവരെയുള്ളതു കേട്ടു തീരുമാനിച്ചിട്ടില്ലെന്നും അതു കേട്ടു തീരുമാനിക്കുന്നതിനും കുടിശിക വെയ്പാനുള്ള പണങ്ങൾ വെയ്പിക്കുന്നതിനും മുതൽകെട്ടിൽ ഏല്പിക്കുന്നതിനും മറ്റുമായി നാം ആ പള്ളിയിലേക്കു വരണമെന്നുള്ള നിങ്ങളുടെ അപേക്ഷ വികാരി മുതലായി നിങ്ങൾ അയച്ച നിങ്ങളുടെ പ്രതിപുരുഷന്മാർ ഇവിടെ വന്നു നമ്മോടു അറിയിക്കയുണ്ടായി. നിങ്ങളുടെ അപേക്ഷപ്രകാരം അങ്ങോട്ടു വരുന്നതിന് നമുക്കു സന്തോഷമെന്നിരുന്നാലും നമ്മുടെ ചില സുഖക്കേടുകൾ നിമിത്തം തൽക്കാലം അങ്ങോട്ടു വരുന്നതിന് സൗകര്യമില്ലാതെ തീർന്നിരിക്കുന്നതിൽ വ്യസനിക്കുന്നു. എന്നാൽ കണക്കു കേൾവി മുതലായതു ഉടൻതന്നെ നടത്തേണ്ടതു ആ പള്ളിയുടെ ക്ഷേമത്തിനു അത്യാവശ്യമാകയാൽ ആ പള്ളി കണക്കിനെക്കുറിച്ചു ആലോചിപ്പാൻ എല്ലാവരുംകൂടി നിങ്ങൾക്കു സൗകര്യമുള്ള ഒരു ദിവസം നിശ്ചയിച്ചു അന്ന് ഇവിടെ നമ്മുടെ അടുക്കൽ വന്നുചേർന്നു കണക്കു കേട്ട് തീർച്ചപ്പെടുത്തി ആയതിന് ... തിരട്ടാക്കുന്നതും ഓരോരുത്തർ ചെയ്വാനുള്ള കുടിശിക എഴുതിക്കുന്നതും നമ്മുടെ മുമ്പാകെ വെച്ചാകാമെന്നും നിങ്ങൾ ഇവിടെ വരുമ്പോൾ അധിക താമസം ഉണ്ടാകാതെയിരിപ്പാൻ വേണ്ടി അവിടെ വച്ചു തന്നെ യോഗം കൂടി കണക്കുകൾ ഒരുമിച്ചുണ്ടാക്കിക്കുന്നതിനും മറ്റും വേണ്ടി ഇപ്പോൾ അവിടുത്തെ വികാരി എം. വി. കുര്യാക്കോസ് കത്തനാരെ പ്രത്യേകം ചുമതലപ്പെടുത്തി അയച്ചിരിക്കുന്നതിനാൽ വികാരി ആവശ്യപ്പെടുന്ന സമയം നിങ്ങൾ പള്ളിയിൽ കൂടി കണക്കുകൾ ഒരുവിധം കേട്ടു എഴുതി തീർക്കയും വാദമുള്ള സംഗതികൾ നമ്മുടെ മുമ്പാകെ വെച്ച് തീരുമാനിപ്പാൻ തക്കവണ്ണം കണക്കുകൾ മുതലായി സകല റിക്കാർട്ടുകളും സഹിതം വികാരി പ്രവർത്തിച്ച് ഇവിടെ നമ്മുടെ അടുക്കൽ വന്നുചേരണമെന്നും ... സർവ്വശക്തനായ ... എന്നു 1100 കർക്കടകം 12-നു പരുമല."

ഭരണകാലാവധി തീർന്നിട്ടും മാറാത്ത മാറാകൈസ്ഥാനികൾക്കു പകരം താൽക്കാലിക ചുമതലക്കാരെ നിയമിക്കുന്നത് കാണുക:

"458. തോനയ്ക്കാടു പള്ളിയോഗത്തിനു. ആ പള്ളിയുടെ മുതൽചുമതലക്കാരനായിരുന്ന കൊച്ചുകോശിയുടെയും കണക്കൻ ഇട്ടി ഉമ്മന്റെയും കാലാവധി തീർന്നുപോകയാലും മറ്റും അവരെ ഇനി മുതൽ ചുമതലക്കാരായി വെച്ചുകൊണ്ടിരിപ്പാൻ പാടില്ലെന്നു കഴിഞ്ഞ മേട മാസം 8-നു കൂടിയ യോഗം നിശ്ചയിച്ചതനുസരിച്ചും മറ്റും യോഗം കൂടി സ്ഥിരമായ മുതൽചുമതലക്കാരെ തിരഞ്ഞെടുത്തു നിയമിക്കുന്നതുവരെ മുതൽചുമതലയ്ക്ക് മാത്തൻ കൊച്ചുകുഞ്ഞിനെയും കണക്കനായി തര്യൻ വാദ്ധ്യാരെയും വികാരിയുടെ റിപ്പോർട്ടനുസരിച്ചു നിയമിച്ചിരിക്കുന്നു എന്നും മറ്റും. 1100 കർക്കടകം 22-നു. പരുമല."

ചില ഇടവകകളിലെ രീതി അനുസരിച്ചു മുതൽപിടിക്കാരന്റെ കൈയിൽ നിന്നും ജാമ്യത്തിനായി ഉടമ്പടി വാങ്ങിച്ചുകൊള്ളണമെന്നു നിർദ്ദേശിക്കുന്നു:

"518. പത്തിച്ചിറ പള്ളിക്കാർക്കു. തന്നാണ്ട് കൈക്കാരന്മാരായി മുതൽകെട്ടിനു കണ്ണങ്കര കിഴക്കതിൽ കുഞ്ഞമ്മനെയും കണക്കെഴുത്തിനു കൊല്ലനേത്തു വറുഗീസിനെയും നിയമിച്ചിരിക്കുന്നു എന്നും ഭണ്ഡാരപ്പെട്ടിക്കു അഞ്ചു താക്കോൽക്കാരെ നിയമിച്ചിരിക്കുന്നു എന്നും പള്ളിവക വരവുചെലവുകളുടെ കണക്കുകൾ ചെലവു നീക്കി ബാക്കിയുള്ള പണം നോട്ടുകൾ, പള്ളിസാമാനങ്ങൾ ഇവകൾ മേൽപൂട്ടുകാര് പെട്ടിയിൽ വച്ച് സൂക്ഷിച്ചുകൊള്ളേണ്ടതും മുതൽപിടിക്കാരൻ ഇവയ്ക്കു ബാധ്യതയായി പള്ളിക്കു ഉടമ്പടി എഴുതി കൊടുക്കേണ്ടതും ആണ്ടുതോറും റിശീസാ ശേഖരിച്ച് അയച്ചുതരണമെന്നും അടുത്ത ആണ്ടേക്കു യോഗം കൂടി തന്നാണ്ടു ചുമതലക്കാർക്ക് പകരം വേറെ ആളുകളെ തിരഞ്ഞെടുത്ത് അപേക്ഷിക്കേണ്ടതും അപ്പോൾ കല്പന അയച്ച് പുതിയ ചുമതലക്കാരെ സ്ഥിരപ്പെടുത്തുന്നതാണെന്നും മറ്റും. 1095 മേടം 31-നു. പത്തിച്ചിറ."

പള്ളിക്കാര്യത്തിൽ ഇടപെട്ടു പ്രശ്നം തീർക്കാൻ ഭദ്രാസന മെത്രാപ്പോലീത്തായെത്തന്നെ ചില അവസരങ്ങളിൽ മലങ്കര മെത്രാപ്പോലീത്താ ചുമതലപ്പെടുത്തും. ചിലപ്പോൾ, താൻ ഇന്നയിന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട് എന്ന വിവരം അറിയിക്കും. അന്നത്തെ തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്തായെ അപ്രകാരം പ്രശ്നപരിഹാരത്തിനായി നിയോഗിക്കുന്ന കാര്യം അറിയിക്കുകയാണ് ഈ കല്പനയിലൂടെ:

"98. മാർ ഗ്രീഗോറിയോസു മെത്രാച്ചനു. ചന്ദനപ്പള്ളി പുത്തൻപള്ളിയെ സംബന്ധിച്ചുള്ള തർക്കങ്ങൾ കേട്ടു തീരുമാനിക്കുന്നതിനെ സംബന്ധിച്ചും പെരുമല ഗീവറുഗീസിനെ സംബന്ധിച്ചും, പള്ളിക്കു മുതൽകെട്ടുകാരനെ നിയമിക്കുന്നതു വരെ പള്ളിവരുമാനം വികാരി വടുതലെ ഈശോ കത്തനാരു കയ്യിൽ സൂക്ഷിക്കണമെന്നും. 1096 കുംഭം 12-നു പുത്തങ്കാവു പള്ളിയിൽ നിന്നും."

മെത്രാപ്പോലീത്തായെ സമീപിച്ച് പ്രശ്നം തീർത്തുകൊള്ളണമെന്ന് പ്രസ്തുത പള്ളിക്കാരെയും അറിയിക്കുന്നു:

"99. ചന്ദനപ്പള്ളി പള്ളിക്കാർക്ക്. പള്ളിവക വരുമാനങ്ങൾ സ്ഥിരമായി മുതൽകെട്ടുകാരനെ നിയമിക്കുന്നതുവരെ തൽക്കാലത്തേക്കു വികാരിയുടെ കൈവശം സൂക്ഷിപ്പിച്ചുകൊള്ളണമെന്നും തർക്കങ്ങൾ കൊച്ചുമെത്രാച്ചന്റെ അടുക്കൽ കേൾപ്പിച്ചു തീരുമാനിപ്പിച്ചുകൊള്ളണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം."

പള്ളിഭരണം ക്രമരഹിതമായി കിടക്കുന്ന പള്ളികളിൽ നേരിട്ടെത്തി താമസിച്ച് പ്രശ്നപരിഹാരം നടത്തി തീരുമാനങ്ങൾ നമ്പരിട്ട് കല്പനയിൽ ചേർത്ത് നൽകുന്ന രീതി വട്ടശ്ശേരിൽ തിരുമേനി ഫലപ്രദമായി നടപ്പിൽ വരുത്തിയിരുന്നു:

"122. പുത്തൻകാവു പള്ളിക്കാർക്ക്. പ്രിയരെ, നാം ഈ മാസം 1-നു ഈ പള്ളിയിൽ എത്തി ഇന്നേദിവസം വരെ ഇവിടെ താമസിച്ചു ഈ പള്ളി സംബന്ധമായ സംഗതികളുടെ ക്രമമായ നടത്തിപ്പിലേക്ക് വേണ്ടപ്പെട്ടവയെ ശരിപ്പെടുത്തുന്നതിനുവേണ്ടി പല ദിവസങ്ങളിലും കൈസ്ഥാനയോഗങ്ങളും പൊതുയോഗങ്ങളും വിളിച്ചുകൂട്ടി യോഗങ്ങളുടെ അഭിപ്രായവും അറിഞ്ഞു താഴെ വിവരിക്കുന്ന നിയമങ്ങളെ സ്ഥിരപ്പെടുത്തുന്നതിനു വേണ്ടി ഈ കല്പനയെ നിങ്ങൾക്കു നാം എഴുതുകയും ചെയ്യുന്നതാണ്.

1. ഈ പള്ളി സംബന്ധമായ കാര്യങ്ങളെ സംബന്ധിച്ച് 1094-ൽ ഉണ്ടായിട്ടുള്ള രജിസ്റ്റർ ഉടമ്പടി അനുസരിച്ചു 94 കുംഭം മുതൽ കൈസ്ഥാനജോലി നടത്തിയ ആണ്ടു കൈസ്ഥാനികളുടെ ചുമതലയിലെ വരവുചിലവുകളുടെ കണക്ക് ആണ്ടറുതിയിൽ പൊതുയോഗത്തിൽ വായിച്ചതിനെയും 1095 കുംഭം മുതൽ നടത്തിയ ആണ്ടു കൈസ്ഥാനികളുടെ ചുമതലയിലെ കണക്കു കേൾപ്പാൻ കൂടിയ പൊതുയോഗത്തിൽ വായിച്ചതിനെയും പാസ്സാക്കുകയും ഈയാണ്ടത്തേക്കു ഇതുവരെയുള്ള കൈസ്ഥാനികളെ താക്കോലുകൾ, കണക്കുകൾ, ചിലവുനീക്കി ബാക്കി പണം, മുതലായതേൽപ്പിച്ചു മുൻ ചുമതലക്കാർ ചുമതല ഒഴിയുകയും ചെയ്തിരിക്കുന്നതിനാൽ പുതിയ ചുമതലക്കാരെക്കൊണ്ട് അവരുടെ ചുമതലകളെ ക്രമമായി നടത്തിച്ചുകൊള്ളണം."

തുടർന്ന് എട്ട് തീരുമാനങ്ങൾ കൂടി ഈ കല്പനയിൽ ചേർത്തിരിക്കുന്നു.

(തുടരും)

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

മീഖൾ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)





ഇസ്രായേലിന്റെ ആദ്യത്തെ രാജാവായ ശൗൽ രാജാവിന്റെ ഇളയ മകളും ദാവീദ് രാജാവിന്റെ ആദ്യ ഭാര്യയുമായ മീഖൾ, ബൈബിളിലെ ഏറ്റവും സങ്കീർണ്ണവും പലപ്പോഴും അവഗണിക്കപ്പെടുന്നതുമായ സ്ത്രീകളിൽ ഒരാളാണ്. അത് അവളെ സ്വാധീനത്തിന്റെയും അപകടത്തിന്റെയും സവിശേഷ സ്ഥാനത്ത് നിർത്തി. ദാവീദുമായുള്ള അവളുടെ വിവാഹം രാഷ്ട്രീയമായി പ്രേരിതമായിരുന്നു. ദാവീദിന്റെ സൈനിക വിജയത്തിനുള്ള പ്രതിഫലമായി ശൗൽ അവളെ തുടക്കത്തിൽ വാഗ്ദാനം ചെയ്തു, ഇത്, സ്ത്രീധനം നേടാൻ ശ്രമിച്ച് ദാവീദ് മരിക്കുമെന്ന് പ്രതീക്ഷിച്ചുള്ള ഒരു കെണിയായും കൂടിയായിരുന്നു (1 ശമുവേൽ 18:20–25). വിരോധാഭാസമെന്നു പറയട്ടെ, ദാവീദിനോടുള്ള മീഖളിന്റെ സ്നേഹം അവളുടെ പിതാവിന്റെ പദ്ധതികളെ പരാജയപ്പെടുത്തി, ശൗലിന്റെ കൊലപാതകശ്രമത്തിൽ നിന്ന് രക്ഷപ്പെടാൻ അവൾ ദാവീദിനെ സഹായിച്ചു (1 ശമുവേൽ 19:11–17). ബൈബിളിൽ ഒരു സ്ത്രീയെക്കുറിച്ചുള്ള അപൂർവ പ്രസ്താവനയായ മീഖൾ ദാവീദിനെ സ്നേഹിച്ചിരുന്നുവെന്ന് ബൈബിൾ വ്യക്തമായി പറയുന്നു (1 ശമുവേൽ 18:20). ദാവീദിന്റെ ജീവൻ രക്ഷിക്കാനുള്ള അവളുടെ പ്രവർത്തനങ്ങൾ ആഴമായ വിശ്വസ്തതയെ കാണിക്കുന്നു. എന്നിരുന്നാലും, ദാവീദ് ഓടിപ്പോയതിനുശേഷം, ശൗൽ അവളെ മറ്റൊരു പുരുഷനായ ഫല്തിയേലിന് നൽകി (1 ശമുവേൽ 25:44), ഇത് അവളുടെ ജീവിതത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു.

വർഷങ്ങൾക്കുശേഷം, ശൗലിന്റെ മരണത്തിനും ദാവീദ് അധികാരത്തിലെത്തിയതിനും ശേഷം, ദാവീദ് മീഖളിന്റെ തിരിച്ചുവരവ് ആവശ്യപ്പെട്ടു – ഒരു പ്രണയ പുനഃസമാഗമമായിട്ടല്ല, മറിച്ച് ശൗലിന്റെ മുൻ രാജ്യത്തിന്റെ മേലുള്ള തന്റെ ഭരണം നിയമവിധേയമാക്കാനുള്ള ഒരു രാഷ്ട്രീയ നീക്കമായി (2 ശമുവേൽ 3:13–16). ഈ പ്രവൃത്തി ഫല്തിയേലുമായുള്ള അവളുടെ ജീവിതത്തെ അവഗണിച്ചു, അവളുടെ നഷ്ടത്തിൽ വിലപിച്ചു. അക്കാലത്തെ പല സ്ത്രീകളെയും പോലെ മീഖളിനെയും രാഷ്ട്രീയ തന്ത്രത്തിലെ ഒരു പണയക്കാരിയായി എങ്ങനെ കണക്കാക്കി എന്ന് ഇത് വ്യക്തമാക്കുന്നു.

ആഴത്തിൽ സ്നേഹിക്കുകയും, ധൈര്യത്തോടെ പ്രവർത്തിക്കുകയും, ചുറ്റുമുള്ള പുരുഷന്മാരുടെ അഭിലാഷങ്ങൾക്ക് വ്യക്തിപരമായ വില നൽകുകയും ചെയ്ത ഒരു സ്ത്രീയാണ് മീഖൾ. ബൈബിളിലെ സ്ത്രീകളുടെ ആദർശവൽക്കരിച്ച ചിത്രീകരണങ്ങളെ അവളുടെ ആഖ്യാനം വെല്ലുവിളിക്കുകയും കുടുംബത്തോടും അധികാരത്തോടുമുള്ള വിശ്വസ്തതയ്ക്കിടയിൽ കുടുങ്ങിക്കിടക്കുന്നതിന്റെ വൈകാരികവും രാഷ്ട്രീയവുമായ സന്ദർഭങ്ങൾ എടുത്തുകാണിക്കുകയും ചെയ്യുന്നു.

ബൈബിളിൽ വികാരങ്ങൾ വ്യക്തമായി വിവരിച്ചിരിക്കുന്ന ചുരുക്കം ചില സ്ത്രീകളിൽ ഒരാളാണ് മീഖൾ. ഇത് ആഴമായ വാത്സല്യത്തെയും ഒരുപക്ഷേ പ്രണയബന്ധത്തെയും സൂചിപ്പിക്കുന്നു.(1 ശമുവേൽ 18:20, 28) ശൗൽ ദാവീദിനെ കൊല്ലാൻ ശ്രമിക്കുമ്പോൾ, മീഖൾ തന്റെ പിതാവിന്റെ പുരുഷന്മാരെ വഞ്ചിച്ചുകൊണ്ട് രക്ഷപ്പെടാൻ അവനെ സഹായിക്കുന്നു. ഈ പ്രവൃത്തി ദാവീദിനോടുള്ള ധൈര്യവും വിശ്വസ്തതയും കാണിക്കുന്നു, ഇത് അവളുടെ സ്നേഹം വൈകാരികം മാത്രമല്ല, സജീവവുമായിരുന്നുവെന്ന് സൂചിപ്പിക്കുന്നു.(1 ശമുവേൽ 19:11–17)

ദാവീദ് ഉടമ്പടിപ്പെട്ടകം യെരൂശലേമിലേക്ക് കൊണ്ടുവരുമ്പോൾ, അവൻ വളരെ സന്തോഷത്തോടെ നൃത്തം ചെയ്യുന്നു. ഒരു ജനാലയിലൂടെ നോക്കിനിൽക്കുന്ന മീഖൾ 'അവളുടെ ഹൃദയത്തിൽ അവനെ പുച്ഛിച്ചു.' അവൾ അവനെ നേരിടുമ്പോൾ, അവളുടെ വാക്കുകൾ പരിഹാസവും മുറിപ്പെടുത്തലും നിറഞ്ഞതാണ്. ഈ രംഗം അവളുടെ വൈകാരികാവസ്ഥയെ വെളിപ്പെടുത്തുന്നു – ഒരുപക്ഷേ വേദന, നീരസം, വിയോജിപ്പ് എന്നിവയുടെ മിശ്രിതമായിരുന്നു അത്. (2 ശമുവേൽ 6:16–23) ഒരു നിഷ്ക്രിയ വ്യക്തി മാത്രമല്ല, മറിച്ച് വികാരങ്ങൾ അവളുടെ പ്രവർത്തനങ്ങളെ ഗണ്യമായി രൂപപ്പെടുത്തുന്ന ഒരു സ്ത്രീയാണ്.

ഗോലിയാത്തിനെ പരാജയപ്പെടുത്തിയ ശേഷം ദേശീയ നായകനായി മാറിയ ഇടയയുവാവായ ദാവീദിനെ അവൾ സ്നേഹിച്ചുവെന്ന് തിരുവെഴുത്ത് നമ്മോട് വ്യക്തമായി പറയുന്നു. 'ശൗലിന്റെ മകളായ മീഖളോ ദാവീദിനെ സ്നേഹിച്ചു' (1 ശമുവേൽ 18:20). ബൈബിൾ വിവരണങ്ങൾ പലപ്പോഴും പുരുഷന്മാർക്ക് സ്ത്രീകളോടുള്ള സ്നേഹത്തിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്, മറിച്ചല്ല. ഈ സ്നേഹം നാടകീയവും വേദനാജനകവുമായ ഒരു ജീവിതത്തിന് വേദിയൊരുക്കുന്നു. അവളുടെ സ്നേഹം ദുരന്തം, കൃത്രിമത്വം, വൈകാരിക വേദന എന്നിവയാൽ അടയാളപ്പെടുത്തിയ ഒരു ജീവിതത്തിന് കളമൊരുക്കി. മീഖൾ ദാവീദിനെ ആത്മാർത്ഥമായി സ്നേഹിച്ചു (1 ശമുവേൽ 18:20), ശൗൽ അവനെ കൊല്ലാൻ ശ്രമിച്ചപ്പോൾ അവളുടെ പിതാവിന്റെ കോപത്തിൽ നിന്ന് രക്ഷപ്പെടാൻ പോലും അവൾ അവനെ സഹായിച്ചു (1 ശമുവേൽ 19:11–17). എന്നിരുന്നാലും, ശൗൽ രാജാവ് മീഖളിന്റെ സ്നേഹത്തെ രാഷ്ട്രീയ ആവശ്യങ്ങൾക്കായി ചൂഷണം ചെയ്തു. ദാവീദിന്റെ പതനത്തിലേക്ക് നയിക്കുന്ന ഒരു കെണിയായി അത് വർത്തിക്കുമെന്ന് പ്രതീക്ഷിച്ച് അവൻ ആദ്യം അവളെ ദാവീദിന് ഭാര്യയായി വാഗ്ദാനം ചെയ്തു (1 ശമുവേൽ 18:21). ശൗൽ ദാവീദിനെ തന്റെ സിംഹാസനത്തിന് ഭീഷണിയായി കാണുകയും ദാവീദിനെ നിയന്ത്രിക്കാനോ ഉപദ്രവിക്കാനോ മീഖളിന്റെ വികാരങ്ങളെ കൈകാര്യം ചെയ്യാൻ ശ്രമിക്കുകയും ചെയ്തു.

പിന്നീട്, ദാവീദ് ഓടിപ്പോയപ്പോൾ, ശൗൽ മീഖളിനെ മറ്റൊരു പുരുഷനായ ഫല്തിയേലിന് ഭാര്യയായി നൽകികൊണ്ട്, വീണ്ടും തന്റെ രാഷ്ട്രീയ തന്ത്രത്തിൽ ഒരു പണയക്കാരിയായി ഉപയോഗിച്ചു. ഒടുവിൽ ദാവീദ് രാജാവായപ്പോൾ, അവൻ മീഖളിനെ തിരികെ ആവശ്യപ്പെട്ടു, വെറും സ്നേഹം കൊണ്ടല്ല, മറിച്ച് ശൗലിന്റെ മകളുമായി വീണ്ടും ഒന്നിച്ചുകൊണ്ട് ശൗലിന്റെ സിംഹാസനത്തിലേക്കുള്ള തന്റെ അവകാശവാദം നിയമാനുസൃതമാക്കാനായിരുന്നു അത് (2 ശമുവേൽ 3:13–16). മീഖളിന്റെ വികാരങ്ങൾ അവഗണിക്കപ്പെട്ടു, അവളുടെ ചുറ്റുമുള്ള ശക്തരായ പുരുഷന്മാരുടെ തീരുമാനങ്ങളിലൂടെ അവളുടെ ജീവിതം രൂപപ്പെട്ടു. ചുരുക്കത്തിൽ, മീഖളിന്റെ ആത്മാർത്ഥമായ സ്നേഹം ശൗലിന്റെ രാഷ്ട്രീയ കളികളിൽ ഒരു ഉപകരണമായി മാറി, ഒടുവിൽ വൈകാരിക പ്രക്ഷുബ്ധത, ഏകാന്തത, കയ്പ്പ് എന്നിവ നിറഞ്ഞ ഒരു ജീവിതത്തിലേക്ക് നയിച്ചു. ദാവീദിനോടുള്ള അവളുടെ സ്നേഹം ആത്മാർത്ഥവും വികാരഭരിതവുമായിരുന്നു, എന്നാൽ ശൗൽ രാജാവ് ആ സ്നേഹം സ്വന്തം രാഷ്ട്രീയ തന്ത്രങ്ങൾക്കായി ഉപയോഗിച്ചു.

ഗോലിയാത്തിനെ കൊന്നതിനുശേഷം ദാവീദിന്റെ വർദ്ധിച്ചുവരുന്ന ജന പ്രീതി കാരണം ദാവീദ് തനിക്കൊരു ഭീഷണിയാണെന്ന് ശൗൽ വിശ്വസിച്ചു. (1 ശമുവേൽ 17:5018:7). അതിനാൽ ശൗൽ മീഖളിനെ ദാവീദിന് ഭാര്യയായി വാഗ്ദാനം ചെയ്തു, പക്ഷേ അത് പിതൃതുല്യമായ വാത്സല്യം കൊണ്ടായിരുന്നില്ല. പകരം, ശൗൽ പറഞ്ഞു, "അവൾ അവന് ഒരു കെണിയായിരിക്കേണ്ട തിനും ഫെലിസ്തരുടെ കൈ അവന്റെ മേൽ വീഴേണ്ടതിനും ഞാൻ അവളെ അവനു കൊടുക്കുമെന്ന് ശൗൽ വിചാരിച്ചു" (1 ശമുവേൽ 18:21). ആ ശ്രമത്തിൽ ദാവീദ് മരിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് അവൻ 100 ഫെലിസ്ത്യ അഗ്രചർമ്മം സ്ത്രീധനമായി ചോദിച്ചു. എന്നാൽ ദാവീദ് ആ കെണിയിൽ വിജയിക്കുകയും അതിന്റെ ഇരട്ടി ശൗലിന് നൽകുകയും ചെയ്തു (1 ശമുവേൽ 18:27). ദാവീദ് ശൗൽ രാജാവിന്റെ മകളായ മീഖളിനെ വിവാഹം കഴിച്ചു. അതുവഴി ദാവീദ് രാജകുടുംബത്തിൽ ചേരുകയും തന്നെ സ്നേഹിക്കുന്ന ഒരാളുമായി ഒന്നിക്കുകയും ചെയ്ത സന്തോഷകരവും മാന്യവുമായ ഒരു നിമിഷമായിരുന്നു അത്. എന്നിരുന്നാലും, ആ നിമിഷം പിരിമുറുക്കവും ഗൂഢമായ ഉദ്ദേശ്യങ്ങളും കൊണ്ട് മൂടപ്പെട്ടു. അവളുടെ സന്തോഷം ഹ്രസ്വകാലത്തേക്കു മാത്രമായിരുന്നു.

1. സ്നേഹവും വിശ്വാസവഞ്ചനയും

ബൈബിളിൽ ഒരു സ്ത്രീ ഒരു പുരുഷനെ സ്നേഹിക്കുന്നുവെന്ന് വ്യക്തമായി പറഞ്ഞിരിക്കുന്ന അപൂർവ സന്ദർഭങ്ങളിൽ ഒന്നാണ് മീഖളിന് ദാവീദിനോടുള്ള സ്നേഹം. മീഖൾ ദാവീദിനെ സ്നേഹിക്കുന്നുവെന്ന് ശൗൽ കണ്ടപ്പോൾ, ദയ നിമിത്തമല്ല, മറിച്ച് ഒരു കെണി എന്ന നിലയിൽ, അവളെ ദാവീദിന് വിവാഹം കഴിച്ചുകൊടുത്തു. ഫെലിസ്ത്യരെ കൊന്ന് സ്ത്രീധനം നേടാൻ ശ്രമിക്കുമ്പോൾ ദാവീദ് മരിക്കുമെന്ന് ശൗൽ പ്രതീക്ഷിച്ചു. എന്നാൽ ദാവീദ് വിജയിക്കുകയും മീഖളിനെ വിവാഹം കഴിക്കുകയും ചെയ്തു.

അവരുടെ ആദ്യകാല വിവാഹം സമാധാനപരമായി അധികനാൾ നീണ്ടു നിന്നില്ല. ദാവീദിനോട് ശൗൽ കൂടുതൽ അസൂയപ്പെട്ടപ്പോൾ, ശൗൽ ദാവീദിനെ കൊല്ലാൻ ശ്രമിച്ചു. മീഖൾ അവനെ രക്ഷിക്കാൻ എല്ലാം പണയപ്പെടുത്തി. അവൾ തന്റെ പിതാവിന്റെ പദ്ധതികളെക്കുറിച്ച് ദാവീദിന് മുന്നറിയിപ്പ് നൽകുകയും ഒരു ജനാലയിലൂടെ അവനെ രക്ഷപ്പെടാൻ സഹായിക്കുകയും ചെയ്തു. തുടർന്ന്, പടയാളികളെ കബളിപ്പിക്കാൻ അവൾ കിടക്കയിൽ ഒരു ബിംബവും കോലാട്ടിന്റെ രോമവും ഉപയോഗിച്ച് ഒരു വഞ്ചന സൃഷ്ടിച്ചു (1 ശമുവേൽ 19:11 17). ഈ പ്രവൃത്തി ദാവീദിനോടുള്ള അവളുടെ വിശ്വസ്തതയും സ്നേഹത്തിന്റെ വ്യാപ്തിയും കാണിച്ചു തരുന്നു. തന്റെ പിതാവിന്റെ ചതികളിൽ നിന്ന് ഭർത്താവിനെ സംരക്ഷിക്കണമെന്ന് അവൾ മനസുകൊണ്ട് തീരുമാനിച്ചു.പിതൃാധിപത്യ അധികാരത്തിന്റെ കാലത്ത് ധീരവും അപകടകരവുമായ ഒരു തിരഞ്ഞെടുപ്പ്. എന്നാൽ ഇത് കൂടുതൽ ആഴത്തിലുള്ള വൈകാരിക സംഘർഷവും കാണിക്കുന്നു. ദാവീദിനെ സഹായിച്ചതിന് ശൗൽ അവളെ നേരിട്ടപ്പോൾ, അവൾ കള്ളം പറഞ്ഞു, ദാവീദ് തന്നെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയെന്ന്. ഇത് ഭയമോ, പശ്ചാത്താപമോ, അതോ അതിജീവനമോ ആയിരുന്നോ എന്ന് തിരുവചനം പറയുന്നില്ല, പക്ഷേ മീഖൾ ഇതിനകം വൈകാരികമായി തകർന്നതും അസ്ഥിരവുമായ ഒരു അവസ്ഥയിലായിരുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു.

ദാവീദ് ഓടിപ്പോയ ശേഷം, ശൗൽ മീഖളിനെ മറ്റൊരു പുരുഷനായ ഫല്തിയേലിന് നൽകി(1 ശമുവേൽ 25:44). ദാവീദിനെ അപമാനിക്കുവാനും ശൗലിന്റെ വീടും ദാവീദും തമ്മിലുള്ള ബന്ധം വിച്ഛേദിക്കാനുമാണ് ഇത് ചെയ്തതെന്ന് മനസിലാക്കാം. ഈ സമയത്തുള്ള മീഖളിന്റെ ജീവിതത്തെക്കുറിച്ച് ബൈബിൾ വളരെ കുറച്ച് മാത്രമേ പറയുന്നുള്ളൂ. ഒരുപക്ഷേ ഭർത്താവിൽ നിന്ന് വേർപെടുത്തി മറ്റൊരു വിവാഹത്തിലേക്ക് നിർബന്ധിക്കപ്പെടുന്നത് വലിയ ആശയക്കുഴപ്പത്തിനും വേദനയ്ക്കും കാരണമായിരിക്കാം.

2. രാഷ്ട്രീയ കളിയിലെ പണയം

വർഷങ്ങൾ കടന്നുപോയി. ദാവീദ് യഹൂദയിലും പിന്നീട് മുഴുവൻ ഇസ്രായേലിലും രാജാവായി. അധികാരം ഉറപ്പിച്ചപ്പോൾ, ശൗലിന്റെ രാജ്യം ദാവീദിന്റെ ഭരണത്തിൻ കീഴിൽ കൊണ്ടുവരുന്നതിനായി ശൗലിന്റെ മുൻ സൈന്യാധിപനായ അബ്നേരുമായി അദ്ദേഹം ഒരു കരാറുണ്ടാക്കി. ആ കരാറിന്റെ ഭാഗമായി, മീഖളിനെ തനിക്ക് തിരികെ നൽകണമെന്ന് ദാവീദ് ആവശ്യപ്പെട്ടു: "ഫെലിസ്ത്യരുടെ നൂറു അഗ്രചർമ്മം നൽകി ഞാൻ വിവാഹനിശ്ചയം ചെയ്ത എന്റെ ഭാര്യ മീഖളിനെ എനിക്ക് ഏൽപ്പിച്ചുതരിക" (2 ശമുവേൽ 3:14). നഷ്ടപ്പെട്ട പ്രണയത്തെ പുനരുജ്ജീവിപ്പിക്കുന്നതിനെക്കുറിച്ചായിരുന്നില്ല ഈ ആവശ്യം. അതൊരു രാഷ്ട്രീയ പ്രസ്താവനയായിരുന്നു. മീഖളിനെ തിരിച്ചുപിടിച്ചുകൊണ്ട്, ദാവീദ് ശൗലിന്റെ രാജവംശവുമായുള്ള ബന്ധം വീണ്ടും ഉറപ്പിച്ചു, സിംഹാസനത്തിലേക്കുള്ള തന്റെ അവകാശവാദം ശക്തിപ്പെടുത്തി. മീഖൾ അധികാരത്തിന്റെ പ്രതീകമായി, രണ്ട് രാജവംശങ്ങൾക്കിടയിലുള്ള ഒരു ജീവസുറ്റ കണ്ണിയായി.

ഫല്തിയേലിൽ നിന്ന് മീഖളിനെ എടുത്തപ്പോൾ ഉണ്ടായ വേദനാജനകമായ നിമിഷത്തെക്കുറിച്ച് ബൈബിൾ വിവരിക്കുന്നു: "അവളുടെ ഭർത്താവ് കരഞ്ഞുകൊണ്ട് അവളുടെ പിന്നാലെ നടന്നു" (2 ശമുവേൽ 3:16). ഫല്തിയേലിന്റെ ദുഃഖത്തിലേക്കുള്ള ഈ അപൂർവ കാഴ്ച കഥയ്ക്ക് വൈകാരിക ഭാരം നൽകുന്നു. മീഖലിനെ അവൾ ആരാണെന്ന് കാണുകയോ വിലമതിക്കുകയോ ചെയ്യുന്നില്ല, പകരം മറ്റുള്ളവരെ - പ്രത്യേകിച്ച് പുരുഷന്മാരെ - തൃപ്തിപ്പെടുത്താനുള്ള ഒരു മാർഗമായി കണക്കാക്കുന്ന ഒരു ആവർത്തിച്ചുള്ള മാതൃക ചൂഷണത്തെ സൂചിപ്പിക്കുന്നു, ഒരുപക്ഷേ വൈകാരികമോ, ശാരീരികമോ, പ്രതീകാത്മകമോ ആകാം. 'അവളുടെ ശബ്ദം നിശബ്ദമാണ്, പക്ഷേ അവളെ ചുറ്റിപ്പറ്റിയുള്ള വേദന ഉച്ചത്തിലാണ്.' അവൾ തന്നെ അതിനെക്കുറിച്ച് സംസാരിച്ചില്ലെങ്കിലും അവൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ തീവ്രവും ദൃശ്യവുമാണെന്ന് ഇത് വ്യക്തമാക്കുന്നു, അതേസമയം . മീഖളിനെ രാഷ്ട്രീയമായി ഉപയോഗിച്ച്, വിവാഹം കഴിച്ച്, ഭർത്താവിൽ നിന്ന് എടുത്തു, ബൈബിളിൽ വലിയതോതിൽ നിശബ്ദമാക്കി. അവളുടെ വ്യക്തിപരമായ ആഗ്രഹങ്ങൾ അവഗണിക്കപ്പെടുന്നു, എന്നിട്ടും അവളുടെ കഷ്ടപ്പാടുകൾ പ്രകടമാണ്.

ദാവീദിന്റെ കൊട്ടാരത്തിൽ തിരിച്ചെത്തിയ മീഖളിന്റെ പങ്ക് പഴയതുപോലെയായിരുന്നില്ല. ഒരിക്കൽ ദാവീദിനോട് അവൾക്കുണ്ടായിരുന്ന ഊഷ്മളമായ വാത്സല്യം മങ്ങിയതായി തോന്നുന്നു. അവരുടെ ബന്ധത്തിലെ വിള്ളലിനെ അടയാളപ്പെടുത്തുന്ന പ്രധാന നിമിഷം വരുന്നത് ഉടമ്പടിപ്പെട്ടകം യെരൂശലേമിലേക്കുള്ള തിരിച്ചുവരവിന്റെ ആഘോഷ വേളയിലാണ് (2 ശമുവേൽ 6:16–23). ദാവീദ് തന്റെ എല്ലാ ശക്തിയോടും കൂടി കർത്താവിന്റെ മുമ്പാകെ നൃത്തം ചെയ്തു, ഒരു ലളിതമായ ലിനൻ ഏഫോദ് - ഒരു പുരോഹിത അടിവസ്ത്രം മാത്രം ധരിച്ചു. മീഖൾ ഒരു ജനാലയിലൂടെ അവനെ കാണുകയും അവളുടെ ഹൃദയത്തിൽ അവനെ പുച്ഛിക്കുകയും ചെയ്തു. ഒരു സാധാരണക്കാരനെപ്പോലെ പെരുമാറിയതിനും വേലക്കാരി പെൺകുട്ടികളുടെ മുന്നിൽ തന്നെത്തന്നെ വെളിപ്പെടുത്തിയതിനും അവൾ അവനെ പരിഹസിച്ചു : 'ഇസ്രായേൽ രാജാവ് ഇന്ന് തന്നെത്തന്നെ ബഹുമാനിച്ചു ... ഒരു ദുഷ്ട കൂട്ടാളി ലജ്ജയില്ലാതെ തന്നെത്താൻ അനാവരണം ചെയ്യുന്നതുപോലെ, തന്റെ സ്ത്രീ ദാസികളുടെ കൺമുമ്പിൽ തന്നെത്താൻ അനാവരണം ചെയ്തതെങ്ങനെ!' (2 ശമുവേൽ 6:20). ദാവീദ് രാജാവ് ഉടമ്പടിപ്പെട്ടകം യെരൂശലേമിലേക്ക് തിരികെ കൊണ്ടുവരുമ്പോൾ കർത്താവിന്റെ മുമ്പാകെ ആഹ്ലാദത്തോടെ നൃത്തം ചെയ്തതിനു ശേഷം മീഖൾ അവനെ കഠിനമായി ശകാരിക്കുന്നു. അവളുടെ വാക്കുകൾ കടുപ്പമേറിയതും പരിഹാസപരവുമാണ്. "ഇസ്രായേൽ രാജാവ് ഇന്ന് തന്റെ സ്ത്രീദാസികളുടെ ദൃഷ്ടിയിൽ തന്നെത്തന്നെ എങ്ങനെ ബഹുമാനിച്ചു, ദുഷ്ട കൂട്ടാളികളിൽ ഒരാൾ ലജ്ജയില്ലാതെ തന്നെത്തന്നെ വെളിപ്പെടുത്തുന്നതുപോലെ!" ഒരു ലളിതമായ പുരോഹിത വസ്ത്രമായ ലിനൻ ഏഫോദിൽ പരസ്യമായി നൃത്തം ചെയ്തു. ഉപരിതലത്തിൽ, മോശവും മാന്യമല്ലാത്തതുമായ പെരുമാറ്റമായി താൻ കരുതുന്ന കാര്യത്തിന് മീഖൾ ദാവീദിനെ വിമർശിക്കുന്നു. എന്നാൽ അവളുടെ വാക്കുകൾ വൈകാരികവും ചരിത്രപരവുമായ വേദനയുടെ ആഴത്തിലുള്ള പാളികൾ വെളിപ്പെടുത്തുന്നു.

ഒരിക്കൽ ദാവീദിനെ അഗാധമായി സ്നേഹിച്ചിരുന്ന ശൗൽ രാജാവിന്റെ മകളായ മീഖളിന് അവനുമായി സങ്കീർണ്ണമായ ഒരു ബന്ധം ഉണ്ടായിരുന്നു. അവളെ ഒരു രാഷ്ട്രീയ സമ്മാനമായി അദ്ദേഹത്തിന് നൽകി, പിന്നീട് ദാവീദ് ശൗലിൽ നിന്ന് ഓടിപ്പോയപ്പോൾ അവളെ മറ്റൊരാൾക്ക് നൽകി, പിന്നീട് രാഷ്ട്രീയ നിയമസാധുതയ്ക്കായി ദാവീദ് അവളെ തിരിച്ചുപിടിച്ചു. ഈ സങ്കീർണ്ണമായ ചരിത്രം അവളെ ഉപയോഗിക്കുകയും ശക്തിയില്ലാത്തവളാക്കുകയും ചെയ്തിരിക്കാം. ദാവീദിന്റെ എളിമയുടെ പരസ്യ പ്രകടനം അവൾക്ക് കാപട്യമായി തോന്നിയിരിക്കാം അല്ലെങ്കിൽ വ്യക്തിപരമായി അവൾക്ക് കൂടുതൽ അപമാനമായി തോന്നിയിരിക്കാം.

ദാവീദിന്റെ ആഘോഷം തന്റെ ഭരണത്തിലും പെട്ടകത്തിന്റെ തിരിച്ചുവരവിലും ദൈവം നൽകിയ അനുഗ്രഹത്തിന്റെ ബഹുമാനാർത്ഥമായിരുന്നു. എന്നാൽ മീഖളിന്, ഈ അനുഗ്രഹം അവൾക്ക് നഷ്ടപ്പെട്ട എല്ലാത്തിന്റെയും

ഓർമ്മപ്പെടുത്തലാണ്. അവളുടെ പിതാവായ ശൗൽ രാജാവിനെ ദൈവം നിരസിച്ചു, രാജ്യം ദാവീദിന് കൈമാറി. അവളുടെ കുടുംബത്തേക്കാൾ ദാവീദിന് അനുകൂലമായ ദൈവിക ഇച്ഛയോടുള്ള നീരസത്തെ അവളുടെ കയ്പ്പ് പ്രതിഫലിപ്പിച്ചേക്കാം.

മീഖളിന്റെ ശാസന രാഷ്ട്രീയവും വ്യക്തിപരവുമായ നഷ്ടത്തെ പ്രതിഫലിപ്പിക്കുന്നു. അവളുടെ കണ്ണുകളിലൂടെ കാണുന്ന ദാവീദിന്റെ പ്രവൃത്തികൾ, അവൾ വളർന്നുവന്ന രാജകീയ അന്തസ്സും ശ്രേണിയും തകർക്കുന്നു. ദൈവമുമ്പാകെയുള്ള അവന്റെ പരസ്യമായ വിനയം, അവളുടെ രാജകീയ സംവേദനക്ഷമതകളോടുള്ള അനാദരവോ പോലെ തോന്നിയേക്കാം. അവളുടെ വാക്കുകൾ ദാവീദിന്റെ ആത്മീയ തീക്ഷ്ണതയെയും രാഷ്ട്രീയ ഉയർച്ചയെയും പുച്ഛിക്കുന്നതായി സൂചിപ്പിക്കുന്നു. അവൾ അവന്റെ പെരുമാറ്റത്തെ വിശുദ്ധിക്കല്ല, അശ്ലീലതയുമായി തുലനം ചെയ്യുന്നു.

മീഖളിന്റെ പ്രതികരണം ഒരു നൃത്തത്തെക്കുറിച്ചല്ല. വ്യക്തിപരമായ മുറിവേൽപ്പിക്കൽ, രാഷ്ട്രീയ നിരാശ, ആത്മീയ അകൽച്ച, ദാമ്പത്യ സമ്മർദ്ദം എന്നിവയെല്ലാം പൊട്ടിപ്പുറപ്പെടുന്ന ഒരു നിമിഷമാണിത്. ദാവീദിനെക്കുറിച്ചുള്ള അവളുടെ വിമർശനം ആഴത്തിലുള്ള വൈകാരിക ചരിത്രത്തിൽ വേരൂന്നിയതാണ്.

അവളുടെ വാക്കുകൾ അവന്റെ പെരുമാറ്റത്തോടുള്ള വെറുപ്പിനെ കൂടുതൽ വെളിപ്പെടുത്തുന്നു. ദാവീദിനോടും, ദൈവത്തിന്റെ അനുഗ്രഹത്താലും, ഒരുപക്ഷേ അവളുടെ ജീവിതത്തെ കീറിമുറിച്ച ആത്മീയ, രാഷ്ട്രീയ ശക്തികളോടും ഉള്ള ആഴമായ നിരാശയാണ് അവ പ്രതിഫലിപ്പിക്കുന്നത്.

ദാവീദിന്റെ പ്രതികരണം കഠിനമായിരുന്നു: "അത് കർത്താവിന്റെ മുമ്പാകെയായിരുന്നു... ഞാൻ എന്നെത്തന്നെ ഇതിലും നിന്ദിതനാക്കും" (2 ശമുവേൽ 6:2122). മീഖളിന്റെ വിമർശനത്തെ ആത്മീയ അന്ധതയായി അദ്ദേഹം തള്ളിക്കളഞ്ഞു. അദ്ധ്യായം ഒരു ദാരുണമായ കുറിപ്പോടെയാണ് അവസാനിക്കുന്നത്: "ശൗലിന്റെ മകളായ മീഖളിന് മരണദിവസം വരെ കുട്ടികളുണ്ടായിരുന്നില്ല" (2 ശമുവേൽ 6:23). ഇത് പലവിധത്തിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട് – ഒരുപക്ഷേ ദൈവം അവളുടെ ഗർഭപാത്രം അടച്ചിരിക്കാം, അല്ലെങ്കിൽ ഒരുപക്ഷേ ദാവീദ് അവളെ പിന്നീട് സ്പർശിച്ചിട്ടില്ല. എന്തായാലും, അത് അവളുടെ സ്വാധീനത്തിന്റെയും പങ്കിന്റെയും ശബ്ദത്തിന്റെയും അവസാനമായിരുന്നു. മീഖൾ ഒരിക്കൽ ഒരു രാജകുമാരിയും പിന്നീട് രാജ്ഞിയുമായിരുന്നു, തിരുവെഴുത്തിൽ ദാവീദിനെ സ്നേഹിച്ചതായി പറയപ്പെടുന്ന ഏക സ്ത്രീയും അതുല്യമായിരുന്നു. എന്നിരുന്നാലും, ഈ ഘട്ടത്തിൽ, അവളുടെ സ്ഥാനം അനിശ്ചിതത്വത്തിലാണ്. അവൾ രണ്ട് ശക്തരായ പുരുഷന്മാർക്ക് – അവളുടെ പിതാവ് ശൗലിനും ഭർത്താവ് ദാവീദിനും – ഇടയിൽ കുടുങ്ങിക്കിടക്കുന്നു, ഇരുവരും അവളെ രാഷ്ട്രീയമായി ഉപയോഗിക്കുന്നു. അവൾക്ക് കുട്ടികളില്ല, പാരമ്പര്യമില്ല, ശബ്ദമില്ല. അവളുടെ വംശം അവളിൽ അവസാനിക്കുന്നു. മീഖളിന്റെ വന്ധ്യത ശൗലിന്റെ പരാജയപ്പെട്ട രാജവംശത്തിനും ദാവീദിന്റെ തിരഞ്ഞെടുത്ത രാജത്വത്തിനും ഇടയിലുള്ള അന്തിമ വിള്ളലിനെ പ്രതീകപ്പെടുത്തുന്നു. അവൾ ശൗലിന്റെ ഗൃഹത്തെ പ്രതിനിധീകരിക്കുന്നു. ആ വംശത്തിൽ നിന്ന് ഒരു തുടർച്ചയും ഭാവിയും മോചനവും ഉണ്ടാകില്ലെന്ന് സൂചിപ്പിക്കുന്നു.

3. ആത്മീയവും വൈകാരികവുമായ പിരിമുറുക്കങ്ങൾ

മീഖളിന്റെ ജീവിതം വൈകാരിക ആഴം നിറഞ്ഞതാണ്. അവൾ ആഴമായി സ്നേഹിച്ചു, ഭർത്താവിനെ രക്ഷപ്പെടാൻ സഹായിച്ചു, എന്നിട്ടും അവനെ നഷ്ടപ്പെട്ടു, മറ്റൊരു വിവാഹത്തിന് നിർബന്ധിതയായി, പിന്നീട് തന്നെ സ്നേഹിക്കാത്ത ഒരു പുരുഷന്റെ അടുത്തേക്ക് തിരികെ കൊണ്ടുപോയി. ചുറ്റുമുള്ളവർ അവളുടെ വികാരങ്ങളെ പലപ്പോഴും അവഗണിക്കുന്നു. സ്വന്തം വിധിയിൽ അവൾക്ക് വലിയ നിയന്ത്രണമൊന്നുമില്ലായിരുന്നു.

ആത്മീയമായി, മീഖലിന്റെ ജീവിതം സങ്കീർണ്ണമാണ്. അവൾ ആവേശത്തോടെ സ്നേഹിച്ചു, ധൈര്യത്തോടെ പ്രവർത്തിച്ചു, ആഴത്തിൽ കഷ്ടപ്പെട്ടു. മീഖളിന് 'അവളുടെ മരണദിവസം വരെ' കുട്ടികളുണ്ടായിരുന്നില്ലെന്ന് ബൈബിൾ പറയുന്നു (2 ശമുവേൽ 6:23). ബൈബിൾ കാലങ്ങളിൽ, കുട്ടികളില്ലാത്തത് പലപ്പോഴും നാണക്കേടിന്റെയോ ദൈവിക അപ്രീതിയുടെയോ അടയാളമായി കാണപ്പെട്ടിരുന്നു, എന്നിരുന്നാലും അത് എല്ലായ്പ്പോഴും ആത്മീയമായി അങ്ങനെ വ്യാഖ്യാനിക്കപ്പെടുന്നില്ല. അവളുടെ പിതാവുമായും ഭർത്താവുമായും ഉള്ള ബന്ധം തകർന്നതിനുശേഷം അവൾ അനുഭവിച്ച ആത്മീയവും വൈകാരികവുമായ ഒറ്റപ്പെടലിനെ അവളുടെ ഏകാന്തത പ്രതിഫലിപ്പിക്കുന്നു. ആത്മീയമായി, മീഖളിന്റെ കഥ സ്നേഹം, വിശ്വസ്തത, വിശ്വാസവഞ്ചന, ധൈര്യം, നഷ്ടം, ആത്മീയ വിച്ഛേദനം എന്നിവയുടെ പ്രമേയങ്ങളെ വെളിപ്പെടുത്തുന്നു. അവളുടെ ശക്തമായ തുടക്കം ഉണ്ടായിരുന്നിട്ടും, അവളുടെ ജീവിതം ശാരീരികമായും ഒരുപക്ഷേ വൈകാരികമായും നിശബ്ദതയിലും വന്ധ്യതയിലും അവസാനിക്കുന്നു. അവൾ ഒരു ദുരന്ത വ്യക്തിത്വമാണ്, പലപ്പോഴും കയ്പ്പ്, അഭിമാനം, ദൈവവുമായും മറ്റുള്ളവരുമായും ഉള്ള അടുപ്പം നഷ്ടപ്പെടുന്നതിന്റെ വില എന്നിവയെക്കുറിച്ചുള്ള ഒരു മുന്നറിയിപ്പായി കാണുന്നു. അവൾ ആത്മീയ പിരിമുറുക്കത്തിന്റെ വലയിൽ കുടുങ്ങി: അവളുടെ പിതാവിനെ ദൈവം നിരസിച്ചു, അതേസമയം അവളുടെ ഭർത്താവിനെ തിരഞ്ഞെടുത്തു. അവൾ ഒരു രാജകുടുംബത്തിലാണ് വളർന്നത്, പക്ഷേ ഇസ്രായേലിന്റെ മാറിക്കൊണ്ടിരിക്കുന്ന ആത്മീയ മേഖലയിൽ സമാധാനമോ ലക്ഷ്യമോ ഒരിക്കലും കണ്ടെത്തിയില്ല. ദൈവമുമ്പാകെ നൃത്തം ചെയ്തതിന് അവൾ ദാവീദിനെ വിമർശിച്ചപ്പോൾ, അത് ലളിതമായ അഹങ്കാരമോ അസൂയയോ ആയിരിക്കില്ല – അവൾക്ക് ഇത്രയധികം വേദനയുണ്ടാക്കിയ ഒരു വിശ്വാസത്തെ മനസ്സിലാക്കാനുള്ള അവളുടെ പോരാട്ടമായിരിക്കാം അത്.

വലിയ ബൈബിൾ ചിത്രത്തിൽ, മീഖളിന്റെ ജീവിതം ഒരു മുന്നറിയിപ്പാണ്. വ്യക്തിപരമായ വിശ്വസ്തത, രാഷ്ട്രീയ പദ്ധതികൾ, ദിവ്യ ഇച്ഛാശക്തി എന്നിവയ്ക്കിടയിൽ കുടുങ്ങിക്കിടക്കുന്നതിന്റെ വിലയെ അവൾ പ്രതിനിധീകരിക്കുന്നു. ശക്തരായ പുരുഷന്മാർ ഉപയോഗിക്കുന്ന ഒരു സ്ത്രീയാണ് അവൾ, എന്നാൽ സ്വന്തം ആഗ്രഹങ്ങളും നിരാശകളും ഉള്ള ഒരു വ്യക്തി കൂടിയാണ്. അവളുടെ ശബ്ദം അപൂർവമാണ്, പക്ഷേ അവളുടെ നിശബ്ദത വളരെയധികം സംസാരിക്കുന്നു.

മീഖളിന്റെ ജീവിതം ഒരു ലളിതമായ ധാർമ്മിക കഥയല്ല, മറിച്ച് വൈകാരിക സൂക്ഷ്മത, രാഷ്ട്രീയ പ്രത്യാഘാതങ്ങൾ, ആത്മീയ പിരിമുറുക്കം എന്നിവയാൽ സമ്പന്നമാണ്. സ്നേഹത്തിന്റെയും അധികാരത്തിന്റെയും വിശ്വാസത്തിന്റെയും കൊടുങ്കാറ്റുകളിൽ അകപ്പെട്ട ഒരു സ്ത്രീയാണ് അവർ, അവളുടെ ജീവിതം ഭക്തിയുടെ വിലയും വിയോജിപ്പിന്റെ അനന്തരഫലങ്ങളും പ്രതിഫലിപ്പിക്കുന്നു. അവളിൽ, ധൈര്യവും കയ്പ്പും, പ്രതീക്ഷയും നിരാശയും നമുക്ക് കാണാം – മനുഷ്യാവസ്ഥയുടെ ഒരു കണ്ണാടിയാണ് അവളുടെ ജീവിതം. ബൈബിൾ പാഠങ്ങളിൽ അവരുടെ ശബ്ദം പരിമിതമാണെങ്കിലും, അവരുടെ ജീവിതം സമകാലിക പ്രേക്ഷകരോട് നീതി, അന്തസ്സ്, സ്വകാര്യ, പൊതുജീവിതത്തിലെ സത്യസന്ധമായ ബന്ധങ്ങളുടെ ആവശ്യകത എന്നിവയെക്കുറിച്ച് ധാരാളം സംസാരിക്കുന്നു.

അവളുടെ സ്നേഹം, വിശ്വസ്തത, നഷ്ടങ്ങൾ എന്നിവയെല്ലാം പരിഹരിക്കപ്പെടാതെ കിടക്കുന്നു. വ്യക്തിപരമായ സ്നേഹത്തിനും ദൈവിക ലക്ഷ്യത്തിനും ഇടയിൽ, രാഷ്ട്രീയ ശക്തിക്കും ആത്മീയ സത്യത്തിനും ഇടയിൽ കുടുങ്ങിക്കിടക്കുന്നവരുടെ പ്രതീകമായി അവൾ നിലകൊള്ളുന്നു. വിശ്വാസം, ശക്തി, വികാരം എന്നിവ പലപ്പോഴും വേദനാജനകമായ രീതിയിൽ എങ്ങനെ കൂട്ടിമുട്ടുന്നുവെന്ന് പരിഗണിക്കാൻ അവളുടെ ജീവിതം നമ്മെ ക്ഷണിക്കുന്നു.



Enchristos Sydney 2025: Inaugural Family Camp of the Asia Pacific Diocese. The inaugural family camp of the newly formed Asia Pacific Diocese was held in Sydney, Australia, from 24th to 26th April 2025. Titled Enchristos Sydney 2025, the camp saw the enthusiastic participation of over 380 faithful from across the Diocese—including New Zealand, Singapore, Malaysia, and Australia—over the course of three spiritually enriching days.

വചനതീർത്ഥം

പുതുഞായറാഴ്ചയ്ക്കു ശേഷം നാലാം ഞായർ

(വി. ലൂക്കോസ് 9:51–62)



ഫാ. മോൻസി ഫിലിപ്പ്

ക്രിസ്തുവിനെ ശമര്യാക്കാർ തിരസ്കരിക്കുന്നതും, പ്രതികാരത്തേക്കാൾ ക്ഷമയും സ്നേഹവും എന്ന സത്യം അനിവാര്യമെന്നും, ശിഷ്യത്വത്തിലേക്കുള്ള ആഹ്വാനത്തിന്റെ വ്യത്യസ്ഥതലങ്ങളുമാണ് ഇന്നത്തെ പ്രത്യേകത.

“ആത്മീക ജീവിതത്തിലെ പ്രധാന ശത്രു സ്വയം സ്നേഹമാണ്. സ്വയത്തെ നശിപ്പിക്കാതെ യഥാർത്ഥ ദൈവീക സ്നേഹത്തിൽ വേരൂന്നുവാൻ സാധിക്കുകയില്ല.”

ഇന്നത്തെ വേദഭാഗം

വി. ലൂക്കോസ് 9:51–62

യേശുതമ്പുരാന്റെ ആരോഹണത്തിനുള്ള കാലം തികയാറായപ്പോൾ യേശു യെരുശലേമിലേക്കു യാത്ര പോകുവാൻ ആഗ്രഹിച്ചു തനിക്കു മുമ്പായി ദൂതന്മാരെ അയച്ചു. ദൂതന്മാർ അവനായി വട്ടം കൂട്ടേണ്ടതിനു ശമര്യരുടെ ഒരു ഗ്രാമത്തിൽ ചെന്നു. എന്നാൽ യേശുതമ്പുരാൻ യെരുശലേമിലേക്കു പോകുവാന്ോ ഭാവിച്ചിരുന്നതിനാൽ ശമര്യക്കാർ യേശുവിനെ തിരസ്കരിച്ചു. യോഹന്നാനും യാക്കോബും ഏലിയാവു ചെയ്തതുപോലെ ആകാശത്തു നിന്നു തീ ഇറങ്ങി അവരെ നശിപ്പിക്കുവാൻ കർത്താവിനോടു ആവശ്യപ്പെടുന്നു. കർത്താവ് അവരെ ശാസിക്കുന്നു. “മനുഷ്യപുത്രൻ മനുഷ്യരുടെ പ്രാണനെ നശിപ്പിക്കുവാനല്ല രക്ഷിക്കുവാൻ വന്നിരിക്കുന്നു” എന്ന് ക്രിസ്തുവിന്റെ പ്രതികരണം. തുടർന്നുള്ള യാത്രയിൽ രണ്ട് പേർ യേശുവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്നു. അത് ക്രിസ്തുവിനെ അറിയിക്കുന്നു. ക്രിസ്തുവിന്റെ മറുപടിയിൽ തിരികെ പോകുന്നു. ഒരുവനോട് അനുഗമിക്കുവാൻ ക്രിസ്തു ആവശ്യപ്പെടുന്നു. എന്നാൽ അവന്റെ മറുപടി നിരാശാജനകം ക്രിസ്തു ഇപ്രകാരം അവനോട് “കലപ്പയ്ക്കു കൈവച്ചശേഷം പുറകോട്ടു നോക്കുന്നവൻ സ്വർഗ്ഗരാജ്യത്തിനു കൊള്ളാവുന്നവനല്ല.” (വി. ലൂക്കോസ് 9:62) ഇതാണ് വേദഭാഗ ഇതിവൃത്തം.

1. യേശുവിന്റെ യെരുശലേം യാത്ര – ഉറച്ച മനസ്സോടും ലക്ഷ്യബോധത്തോടും (വി. ലൂക്കോസ് 9:51–53)

ആരോഹണകാലം തികയാറായപ്പോൾ യെരുശലേം യാത്ര മനസ്സ് ഉറപ്പിച്ചും ലക്ഷ്യത്തോടും കൂടിയാണ്. പോകുന്ന വഴികളിൽ ചിലത് അനുഭവിക്കേണ്ടി വരും. യെരുശലേം ആത്മീക പ്രാധാന്യം ഏറെയുള്ളതാകുമ്പോൾ, വഴികളിലെ തടസ്സങ്ങളും ക്രിസ്തു ഏറ്റ തിരസ്കരണങ്ങളും നമ്മുടെ ജീവിതങ്ങൾക്കും ഒരു പാഠം എന്നോണം മനസ്സിലാക്കാം. വഴികളിൽ വീണുപോകാനല്ല ഉറച്ച ദിശാബോധം, ലക്ഷ്യബോധം അനിവാര്യമെന്ന് കാട്ടുന്ന ക്രിസ്തുവിന്റെ യാത്ര.

യേശു ഉറച്ച തീരുമാനത്തോടെ യാത്ര തിരിക്കുന്നു. മുഖം യെരുശലേമിലേയ്ക്ക്, ലക്ഷ്യവും അതുതന്നെ. മനുഷ്യന്റെ ആത്മീക യാത്രയിലും ദൈവം നൽകിയ ദൗത്യത്തിൽ ഉറച്ച നിശ്ചയദാർഢ്യം ഉണ്ടാകണം. അനുകൂലതകൾ ഇല്ലെങ്കിലും പിന്തുണകൾ ഇല്ലെങ്കിലും ദൈവത്തിന്റെ ഇച്ഛയെ പിൻതുടരണം.

ക്രിസ്തുവിന്റെ യെരുശലേമിലേക്കുള്ള യാത്രയിൽ, ശമര്യരുടെ ഒരു ഗ്രമത്തിൽ എത്തി. അവർ ക്രിസ്തുവിനെ തിരസ്കരിച്ചു. എന്നാൽ ക്രിസ്തുവിന് പുഞ്ചിരി മാത്രം ആകാം മുകഭാവം. യെരുശലേമിലേക്കുള്ള യാത്ര എളുപ്പമാക്കാൻ കുറുക്കുവഴിയായ ശമര്യവഴി പോകാറുണ്ട്. (ഏകദേശം 40 കി.മീ ലാഭം). യേശുവും അതുവഴി പോകുവാൻ തുനിഞ്ഞപ്പോൾ ഉണ്ടായ തിരസ്കരണം ഗലീലയിൽ നിന്നുള്ള യെരുശലേമിലേക്കുള്ള യഹൂദാ തീർത്ഥാടകർ യാത്രമദ്ധ്യേയുള്ള ശമര്യയിൽ പ്രവേശിക്കാതെ വേറെ വഴി പോയിരുന്നു. കാരണം യഹൂദരും ശമര്യരും തമ്മിലുള്ള വൈരാഗ്യം. ശമര്യർ സങ്കരവർഗ്ഗവും പുറജാതികളും, തങ്ങൾ തെരഞ്ഞെടുക്കപ്പെട്ടവരും എന്ന ദുരഭിമാന യഹൂദർക്കുണ്ടായിരുന്നു. എന്നാൽ കർത്താവ് അതിന് പ്രാധാന്യം കൊടുക്കാതെ ശമര്യാദേശങ്ങളിൽ പഠിപ്പിക്കുകയും അതുവഴി സഞ്ചരിക്കുകയും ചെയ്തു. എന്നാൽ ശമര്യാക്കാർ അവനെ സ്വീകരിച്ചില്ല. കാരണം അവൻ യെരുശലേമിലേക്കു പോകുന്നു എന്നവർ മനസ്സിലാക്കി.

ശമര്യാക്കാർ ഗരീസീം മലയിൽ ഒരു ദേവാലയം സ്ഥാപിച്ച് അതിൽ ആരാധന നടത്തുകയും യെരുശലേം ദേവാലയത്തെ അവഗണിക്കുകയും ചെയ്തിരുന്നു. ക്രിസ്തുവും അവിടുത്തെ ശിഷ്യന്മാരും ഗരീസീം ദേവാലയത്തിൽ പ്രവേശിക്കാതെ യെരുശലേം ദേവാലയത്തിലേയ്ക്ക് പോകുന്നു എന്നു മനസ്സിലാക്കിയതിലുണ്ടായ അസൂയ നിമിത്തമാണ് ശമര്യാക്കാർ യേശുവിനെ സ്വീകരിക്കാതിരുന്നത്.

സ്വീകരിക്കാതിരുന്നെങ്കിലും ക്രിസ്തുവിന്റെ ഭാവം സ്നേഹമായിരുന്നു. അതുകൊണ്ട് ക്രിസ്തു പറഞ്ഞു. മനുഷ്യപുത്രന്റെ ആകമാന ലക്ഷ്യം മനുഷ്യരെ രക്ഷിക്കുവാൻ വേണ്ടി എന്ന്. തിരസ്കരണവും, അവഗണനയും, സഹനവും എല്ലാം ക്രിസ്തു സ്നേഹത്തിന്റെ പാഠങ്ങളാക്കി തീർത്തു.

വിളിച്ചവന്റെ വിളിക്കൊത്തവണ്ണം ജീവിതയാത്രയിൽ ആത്മീകമായതു പടവുകൾ ഏറ്റാം. ഇടർച്ചകളെ പ്രതിരോധിക്കാം. അതും ദൈവീക പരിജ്ഞാനത്താൽ ദിശാബോധത്തോടും ലക്ഷ്യബോധത്തോടും ഈ ജീവിതം ക്രമീകരിക്കാം. സാധാരണ മനുഷ്യൻ വീണുപോകാം എന്നാൽ ക്രിസ്തു ഉള്ളവൻ കുലുങ്ങാതെ എന്നേക്കും നിലനിൽക്കുന്ന സീയോൻ പർവ്വതം പോലെ.

2. ശിഷ്യന്മാരുടെ പ്രതികരണം ക്രിസ്തുവിന്റെ ക്ഷമാപാഠം

വി. ലൂക്കോസ് 9:54–56

ശമര്യക്കാർ തങ്ങളുടെ ഗുരുവിനെ തിരസ്കരിക്കുന്നതുകണ്ട് യോഹന്നാനും, യാക്കോബും, പ്രതികരിക്കുന്നു. അവർ യേശുവിനോട് ആവശ്യപ്പെടുന്നു.

“കർത്താവേ, ഏലിയാവു ചെയ്തതുപോലെ ആകാശത്തു നിന്നു തീ ഇറങ്ങി അവരെ നശിപ്പിക്കുവാൻ ഞങ്ങൾ പറയുന്നതു നിനക്കു സമ്മതമോ എന്നു ചോദിച്ചു.” (വി. ലൂക്കോസ് 9:54)

“സമൂഹത്തിന്റെ തിന്മയുടെ ഒരു വശമാണ് സ്വന്തം ഇച്ഛ അനുസരിച്ചല്ലാതെ പ്രവർത്തിക്കുന്നതിന് ആര് മുന്നോട്ടു വന്നാലും എതിർക്കുക എന്ന പ്രവണത.” തീ ഇറക്കി നശിപ്പിക്കുവാൻ പറയട്ടെ എന്ന ചോദ്യത്തിൽ നിന്നുതന്നെ ചിലത് സ്പഷ്ടം.

1. തീ ഇറക്കുവാനുള്ള ശക്തി കർത്താവിൽ നിന്നും അവർക്ക് ലഭിച്ചിട്ടുണ്ട് എന്ന വിശ്വാസം.
2. കർത്താവിൽ നിന്നും ഉള്ള അനുവാദം ചോദിക്കൽ
3. സൃഷ്ടിക്കുവാനല്ലാതെ സംഹരിക്കുവാനുള്ള ആലോചന

രണ് സാഹചര്യത്തിൽ ഏലിയാവ് ആകാശത്തു നിന്ന് അഗ്നി ഇറക്കിയത്

1. കർമ്മേൽ പർവ്വതത്തിൽ ബാലിന്റെ പ്രവാചകന്മാരോട് എതിർത്തിട്ട്. (1 രാജാ. 18)

2. അഹസ്യാവ് ദീനം പിടിച്ചു കിടക്കുമ്പോൾ സൗഖ്യത്തിനുവേണ്ടി എക്രോനിലെ ദേവനായ ബേൽസബൂബിനോട് അന്വേഷിക്കുവാൻ പോയ ദൂതന്മാരോട്, ഇസ്രായേലിൽ ഒരു ദൈവം ഇല്ലാഞ്ഞിട്ടോ, ബാലിന്റെ അടുത്തു പോകുന്നത്. അവൻ മരിക്കും എന്ന് ദൂതന്മാരോട് പറഞ്ഞയച്ചു. ഈ വിലരം അറിഞ്ഞ രാജാവ് കോപിഷ്ടനായി. 50 പേരേയും അവരുടെ ഒരു അധിപതിയേയും അയച്ച് ഏലിയാവിനെ രാജസന്നിധിയിൽ എത്തിക്കുവാൻ ഏലിയാവിന്റെ അടുത്തെത്തി. ഏലിയാവ് മലമുകളിൽ ആയിരുന്നു. സേവകർ അവനോട്, ദൈവപുരുഷാ ഇറങ്ങിവാ എന്ന് ആക്രോശിച്ചു. മറുപടിയായി ഏലിയാവ് ദൈവപുരുഷനെങ്കിൽ ആകാശത്തുനിന്ന് തീയിറങ്ങി അവരെ ദഹിപ്പിക്കട്ടെ അങ്ങനെ രണ്ടാമത്തെ

കൂട്ടരെയും അഗ്നി ദഹിപ്പിച്ചു. (2 രാജാ. 1:1-12).

ഏലിയാവിനെ പിടിക്കാൻ വന്നവരെ അവൻ തീ അയച്ചു നശിപ്പിച്ചു എങ്കിൽ അവനേക്കാൾ വലിയവനായ യേശുവിനെ തിരസ്കരിച്ചവരെ വെറുതെ വിടാൻ പാടില്ല എന്നതാണ് യാക്കോബ്, യോഹന്നാൻ എന്നീ ശിഷ്യന്മാരുടെ നിലപാട്. നമുക്ക് എതിരില്ലാത്തവർ നമ്മുടെ പക്ഷത്താണ്.

"ഞാൻ ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും മാത്രമാണ് ശരിയായത് എന്നു ചിന്ത മൗഢ്യമാണ്."

നമ്മുടെ സഹിഷ്ണുത നിസംഗതയിൽ നിന്നല്ല സ്നേഹത്തിൽ നിന്നാണ് ഉത്ഭവിക്കേണ്ടത്.

ശിഷ്യന്മാരുടെ വിദ്വേഷം ക്രിസ്തുവിൽ ശാസന ഉളവാക്കുന്നു.

"നിങ്ങൾ ഏക് ആത്മാവിന് അധീനർ" (വി. ലൂക്കോസ് 9:55). ക്രിസ്തു ക്ഷമയുടെ പാഠപുസ്തകം അവരുടെ മുമ്പിൽ തുറക്കുന്നു.

"മനുഷ്യപുത്രൻ മനുഷ്യരുടെ പ്രാണനെ നശിപ്പിക്കുവാനല്ല രക്ഷിക്കുവാനത്രേ വന്നത് എന്നു പറഞ്ഞു." (വി. ലൂക്കോസ് 9:56).

കർത്താവിന്റെ വലിയതും മനുഷ്യന് പ്രയാസകരവുമാണ്. "ശത്രുക്കളെ സ്നേഹിപ്പീൻ" എന്നത് വിനയവും ദൈവസ്നേഹവും ഉള്ളവർക്കേ ഇതു സാധ്യമാകയുള്ളു. ആത്മീക ജീവിതത്തിലെ പ്രധാന ശത്രു സ്വയം സ്നേഹമാണ്. സ്വയത്തെ നശിപ്പിക്കാതെ യഥാർത്ഥ ദൈവസ്നേഹത്തിൽ വേരൂന്നുവാൻ കഴിയുകയില്ല.

3. ശിഷ്യത്വത്തിന്റെ മൂന്ന് വ്യത്യസ്ഥതല- ആഗ്രഹവും ആഹ്വാനവും



വി. ലൂക്കോസ് 9:57-62

രണ്ട് പേർ കർത്താവിനെ അനുഗ്രഹിക്കാനാഗ്രഹിക്കുന്നു. ഒരുവനെ കർത്താവ് വിളിക്കുന്നു. വിളി എല്ലാവർക്കും ഉണ്ട് എന്നാൽ അതു തിരിച്ചറിയുന്നവർ ചുരുക്കം. എന്നേയും നിങ്ങളേയും ഇനിയും അവനിലേക്ക് അവൻ വിളിക്കുന്നു. ഈ ഭാഗത്ത് കാണുന്ന മൂവരെപോലെ നാമും ആയിതീർന്നുകൊണ്ട് ഒഴിവുകഴിവുകൾ നൽകുന്നു.

ഒന്നാമത്തവൻ - "ഞാൻ നിന്നെ അനുഗമിക്കാം." യേശുവിന്റെ ഉത്തരം "കുറുനരികൾക്കു കുഴി, ആകാശത്തിലെ പറവകൾക്ക് കൂട്, മനുഷ്യപുത്രന് തലചായിപ്പാൻ സ്ഥലം ഇല്ല" എന്ന്. കർത്താവിന്റെ വേല അത് വികാരപരമാത്രമാകരുത്.

"എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ തന്റെ ക്രൂശ് എടുക്കണം" (വി. മത്തായി 10:38)

ക്രിസ്തുവിനായി ജീവൻ വെടിയേണ്ടി വന്നാൽ വെടിയാൻ സന്നദ്ധത ഉണ്ടാകണം. വ്യക്തിപരവും ഭൗമികപരവുമായ സുരക്ഷിതത്വം ത്യജിക്കണം.

രണ്ടാമത്തവൻ - കർത്താവ് അവനോട് എന്നെ അനുഗമിക്കുക. അവന്റെ ഉത്തരം ഞാൻ മുമ്പേ പോയി. എന്റെ അപ്പനെ കുഴിച്ചിടുവാനുള്ള അനുവാദം തരണം."

ആത്മീകതയുടെ നല്ല വശം ഇവനിൽ ലവലേശം ഇല്ല. ദൈവത്തിനു പകുതി സമർപ്പണം സ്വീകാര്യമല്ല. പൂർണ്ണമായുള്ള സമർപ്പണം ക്രിസ്തു ആഗ്രഹിക്കുന്നു. അനുഗമിപ്പാൻ ആഗ്രഹം ഉണ്ട് പ്രവർത്തിക്കുവാൻ അവധി ചോദിക്കൽ. ഹൃദയം എപ്പോൾ സന്നദ്ധമാക്കുന്നുവോ അപ്പോൾ തന്നെ കർത്തൃവേല ചെയ്യുക. അല്ലെങ്കിൽ പിന്നെ സാധ്യമാകാതെ വന്നേക്കാം.

മൂന്നാമത്തവൻ - ഞാൻ നിന്നെ അനുഗമിക്കാം. ആദ്യം വീട്ടിലുള്ളവരോട് യാത്ര പറവാൻ അനുവാദം തരണം. കർത്താവ് "കലപ്പയ്ക്കു കൈവെച്ചശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവരാജ്യത്തിനു കൊള്ളാവുന്നവനല്ല." വി. ലൂക്കോസ് 9:62.

അവൻ പിന്നെ തിരികെ വരുമെന്നു തോന്നുന്നില്ല. ആഗ്രഹം ഉണ്ട് എന്നാൽ ഭവനക്കാർ ദൈവത്തേക്കാൾ വലുതാണവന്. ക്രിസ്തു ബന്ധത്തിൽ ലൗകീക കാര്യങ്ങൾക്കു പ്രാധാന്യം കൊടുക്കുന്നതായാൽ അത് ദൈവരാജ്യ പ്രവർത്തനത്തിനു ചേരുന്നതല്ല.

"എവിടെ ആശങ്ക ആരംഭിക്കുന്നുവോ അവിടെ വിശ്വാസം അവസാനിക്കുന്നു. പരിപൂർണ്ണ സമർപ്പണം ദൈവരാജ്യത്തിന്റെ പ്രവർത്തനത്തിന് അനിവാര്യമാണ്.

മൂന്നുപേരിൽ നിന്നുള്ള പ്രധാന പാഠങ്ങൾ.

1. കർത്താവിന്റെ വേല ചെയ്യാനുള്ള ആഗ്രഹം കേവലം വികാരപരമായിരിക്കരുത്. അതുമൂലമുള്ള പരിത്യാഗം പൂർണണമായിരിക്കണം.
2. ലോകവും, കുടുംബവും അതിനു പ്രതിബന്ധമാകരുത്.
3. ക്രിസ്തുശിഷ്യൻ പിന്നിൽ നോക്കരുത്.

ഇതിൽ മൂവരിൽ ആരോടൊപ്പം എന്നുള്ള വലിയ ചോദ്യം എന്നിലും നിങ്ങളിലും അവശേഷിക്കുന്നു. ആ ചോദ്യത്തിന്റെ ഉത്തരം അന്വേഷിക്കാം.

വി. പൗലോസിനെപ്പോലെ പിമ്പിലുള്ളത് മറന്ന് ക്രിസ്തുവിങ്കലേക്ക് നോക്കി മുന്നോട്ടു പോകാം.



കൊല്ലം ഓയൂരിൽ കുഞ്ഞിനെ തട്ടിക്കൊണ്ടുപോയ കേസ് അന്വേഷണത്തിന് നേതൃത്വം നൽകിയതിന് 2023 വർഷത്തെ സംസ്ഥാന പോലീസ് മേധാവിയുടെ BADGE OF HONOUR പുരസ്കാരം ലഭിച്ച ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി. എം. എം. ജോസ്.

Church Calendar

From Brokenness to Burning Hearts, Recognizing the Risen Christ

(St. Luke 24:13–35)

Dn. Aaron Joshua John



The Gospel reading from St. Luke 24:13–35 is one of the most tender and profound resurrection narratives in Scripture: the appearance of the risen Christ to the two disciples on the road to Emmaus. These two were walking away from Jerusalem, symbolically walking away from hope, from faith, from the community. They were still in the shadow of the Cross, unable to see the dawn of the Resurrection. But Christ draws near to them unrecognized, journeys with them, and finally reveals Himself in the breaking of the bread. This passage captures the essence of Christian life: Christ walks with us even in our confusion and disillusionment and reveals Himself through Word and Sacrament.

This theme connects beautifully with the Old Testament readings of the day, especially Exodus 34, where Moses returns to Mount Sinai to receive the renewed covenant, and Micah 4:1–7, which envisions the mountain of the Lord as a place of peace and learning. The post-resurrection encounter on the road to Emmaus is the fulfilment of the ancient yearning for divine presence and understanding. Christ is the Word that interprets the Law and the Prophets; He is the true Paschal Lamb whose broken body becomes our bread of life.

1. Christ Walks With Us in Our Darkness and Doubt

The disciples on the road to Emmaus were full of sorrow and disappointment. They said, “We had hoped that He was the one to redeem Israel.” Their hearts were heavy, their hopes dashed. This moment mirrors our own moments of spiritual desolation. Like them, we sometimes journey through life thinking Christ is absent, while He is actually walking with us.


From a theological standpoint, this speaks to the mystery of God’s hiddenness. As St. Gregory the Theologian says, “God is everywhere, yet nowhere seen.” The risen Christ walks beside His disciples but withholds His identity, not to deceive them, but to teach them that faith must move from sight to understanding. This also mirrors Isaiah 37:8–17, where King Hezekiah faces darkness and threat, yet turns to God in prayer, trusting in the unseen deliverance.

The Church Fathers emphasize that Emmaus is every road, and every Christian is one of those disciples. St. Augustine says, “The Lord was walking with them on the way, and He Himself was the way.” Even in our confusion, Christ is there, interpreting our lives through the Scriptures and guiding us by His Word.

2: Christ is Known in the Breaking of the Bread

The turning point of the Emmaus story is sacramental. As they sat at the table, Jesus took bread, blessed it, broke it, and gave it to them and their eyes were opened. This unmistakable Eucharistic image shows us where the Church continues to encounter the risen Christ: in the Divine Liturgy.

The connection to St. John 6:47–58, one of our other Gospel readings, is crucial here: “I am the bread of life... Whoever eats my flesh and drinks my blood has eternal life.” This is the theological heart of the Emmaus story. The Scriptures warmed their hearts, but it was in the breaking of the bread that they knew Him. The liturgical life of the Church mirrors this Emmaus journey.



We gather, bringing our questions, fears, and hopes. Christ comes among us through the reading of Scripture, the preaching of the Word, and most fully in the Eucharist. St. Cyril of Jerusalem writes, “After the invocation of the Holy Spirit, the bread is no longer ordinary bread but the Body of Christ.” Just as the disciples' eyes were opened, so too are ours when we partake of the Holy Mysteries.

The road to Emmaus is not just a story from the past; it is the story of every Liturgy, every journey of faith. The risen Christ walks with us, even when we don’t recognize Him. He speaks to us through the Scriptures and reveals Himself in the breaking of the bread. In our world full of despair, violence, and confusion, we are called to be like those two disciples—hearts burning with the Word, eyes opened by the Sacrament, and feet running back to the community to proclaim, “The Lord is risen indeed!”

Let us, therefore, strive to live as people of the Resurrection not only believing in the event but encountering the living Christ week after week in the liturgical life of the Church. May our eyes too be opened in the breaking of the bread.

സിസ്റ്റർ സൂസന്ന അന്തരിച്ചു



റാന്നി പെരുനാട് ബഥനി മഠം അംഗം ആയ സിസ്റ്റർ സൂസന്ന SIC (80) അന്തരിച്ചു. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവായുടെ സണ്ടേസ്കൂൾ അദ്ധ്യാപികയാണ്. കോട്ടയം മെഡിക്കൽ കോളജിനു സമീപമുള്ള ആശാ കിരണിലും പുലിക്കുട്ടിശ്ശേരി ഹന്ന ഭവനിലും ദീർഘകാലം അഗതികളെ പരിപാലിച്ചു. പരേത കോട്ടയം വാഴൂർ പള്ളി ഇടവകാംഗവും പടിയറ വീട്ടിൽ കുടുംബാംഗവുമാണ്. മെയ് 22-നു കോൺവെന്റ് ചാപ്പലിൽ ശവസംസ്കാരം നടന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മറുപുറം

അറിയാത്തവർ...

ഫാ. അജീഷ് ബാബു

പുതിയ ഫറവോൻ. 'നോക്കൂ,' പറഞ്ഞു, 'ഇസ്രായേല്യർ നമുക്ക് വളരെ മോശമായി മാറിയിരിക്കുന്നു. വരൂ, നമ്മൾ അവരോട് വിവേകത്തോടെ ഇടപെടണം അല്ലെങ്കിൽ അവർ കൂടുതൽ പെരുകും യുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ നമ്മുടെ ശത്രുക്കളുമായി ചേരും നമുക്കെതിരെ യുദ്ധം ചെയ്ത് രാജ്യം വിടും (പുറപ്പാട്. 1:9, 10). മിക്ക സ്വേച്ഛാധിപതികളെയും പോലെ പറഞ്ഞു.

രാജ്യത്ത് കൂടുതൽ വിദേശികൾ ഉണ്ടായിരുന്നതിനാൽ അയാൾ കൂടുതൽ ആശങ്കാകുലനായി. കുടിയേറ്റക്കാരുടെ എണ്ണം വർദ്ധിച്ചു അത് അവന്റെ മുഴുവൻ സർക്കാരിനെയും അസ്ഥിരപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തി.

നുണയിൽ പൊതിഞ്ഞ യുക്തിയുടെ കൃത്യമായ ഒരു ഒഴികഴിവായിരുന്നു. ഫറവോൻ യുദ്ധഭീഷണി വിദേശികളെ പീഡിപ്പിക്കുന്നതിനുള്ള കാരണമായി ഉപയോഗിച്ചു. വംശീയ ന്യൂനപക്ഷങ്ങളെ കുറ്റപ്പെടുത്തുന്നത് എല്ലായ്പ്പോഴും സൗകര്യപ്രദമാണ് കാരണം വംശീയത നമ്മുടെ പാപപൂർണമായ മനുഷ്യസ്വഭാവത്തിന്റെ ഭാഗമാണ്. ഇതാണ് നാസി ജർമ്മനിയിൽ യഹൂദ വിരുദ്ധത പ്രോത്സാഹിപ്പിക്കാൻ ഹിറ്റ്ലറെ എളുപ്പമാക്കിയത്. അതുകൊണ്ടാണ് ദക്ഷിണാഫ്രിക്കയിൽ നേട്ടങ്ങൾക്കായി 'കറുത്ത ഭീഷണി' വാദം ഉപയോഗിക്കാൻ ആഫ്രിക്കക്കാർക്ക് കഴിഞ്ഞത്. അതുകൊണ്ടാണ് കുടിയേറ്റക്കാരുടെ ഓരോ അവകാശത്തോടും അമേരിക്ക ഇത്രകണ്ട് ക്രൂരമായി ഇടപെടുന്നത്.

ഇസ്രായേല്യരുടെ കാര്യത്തിൽ എന്തെങ്കിലും ചെയ്യേണ്ടതുണ്ടെന്ന് ഫറവോന്റെ ഉപദേശകർ തയ്യാറായിരുന്നു. 'അതിനാൽ, നിർബന്ധിത തൊഴിൽ കൊണ്ട് അവരെ അടിച്ചമർത്താൻ അവർ അടിമ യജമാനന്മാരെ നിയമിച്ചു, അവർ ഫറവോന്റെ സംഭരണ നഗരങ്ങളായി പിത്തോമും റമീസും പണിതു' (പുറപ്പാട്. 1:11) ആത്യന്തിക രാഷ്ട്രീയ പരിഹാരം. പുതിയനയം ഒരേസമയം ഈജിപ്തിലെ കുടിയേറ്റ പ്രശ്നവും തൊഴിൽ പ്രശ്നവും പരിഹരിച്ചു. അവരുടെ ആത്മാക്കൾ ചതഞ്ഞരഞ്ഞതും വേദനകൊണ്ട് മുതുകുകൾ വളഞ്ഞതുമായതിനാൽ ഇസ്രായേല്യർക്ക് മത്സരിക്കാൻ കഴിയില്ല. ഒരു അധിക നേട്ടമെന്ന നിലയിൽ, ഫറവോന്റെ സ്വേച്ഛാധിപത്യം രണ്ട് വലിയ പട്ടണങ്ങൾ നിർമ്മിച്ചു. പിതോം എന്നാൽ ഈജിപ്ഷ്യൻ ദേവന്മാരിൽ ഒരാളാണ്. Tell er-Ratabah അല്ലെങ്കിൽ Tell el-Maskhutah എന്നാണ് നഗരത്തെ സാധാരണയായി തിരിച്ചറിയുന്നത്. ടാനിസിന്റെ പ്രശസ്തമായ നഗരമായ റാമീസ്, അല്ലെങ്കിൽ കൂടുതൽ സാധ്യതയുള്ളത് ഫറവോമാരുടെ രാജകീയ വസതിയായിരുന്നു ഖാൻതിർ. യിസ്രായേൽമക്കൾ ഈ രണ്ടു മഹാനഗരങ്ങൾ സ്വന്തമായി നിർമ്മിച്ചു. കൈകളും സ്വന്തം ദൃഢമായ മുതുകിലും അവർ പട്ടണങ്ങൾ പണിതു. എന്നിട്ടും ഫറവോയുടെ അധികാരമോഹം ഒരിക്കലും തൃപ്തിപ്പെടുന്നില്ല. കാലക്രമേണ ഇസ്രായേല്യർ കൂടുതൽ കഠിനമായി അടിമകളായിത്തീർന്നു.

മറുപുറം

ദൈവം തന്റെ ജനത്തെ കഷ്ടപ്പെടുത്താൻ അനുവദിച്ചതിന്റെ മറ്റൊരു കാരണം അവരുടെ രക്ഷയുടെ ആവശ്യം അവരെ കാണിക്കുക എന്നതായിരുന്നു. ഉപദ്രവം പോലും അതിനു മറുകുറത്ത് സഹായമായി മാറുന്നു. ദൈവം തന്റെ ജനത്തിന്റെ കഷ്ടപ്പാടുകൾ കാണുകയും പിന്നീട് അവരെ വിടുവിക്കുകയും ചെയ്തു. എന്നാൽ എന്തുകൊണ്ടാണ് അവൻ കഷ്ടപ്പാടുകൾ ആദ്യം സംഭവിക്കാൻ അനുവദിച്ചത്? അദ്ദേഹത്തിന് അത് തടയാൻ കഴിയുമായിരുന്നില്ലേ? മറ്റൊരു ചോദ്യം ഉന്നയിക്കാം എന്നാൽ അതിന്റെ ഉത്തരം അങ്ങനെ ചെയ്തിരുന്നെങ്കിൽ, ഇസ്രായേല്യർ എന്നെങ്കിലും ഈജിപ്ത് വിട്ടുപോകാൻ ആഗ്രഹിക്കുമായിരുന്നോ? അവർ കഷ്ടപ്പാടുകൾ അനുഭവിക്കുമ്പോഴും അവരെ വിട്ടുപോകാൻ പ്രയാസമായിരുന്നു. പുതിയ തലമുറയിൽ അവർക്കറിയാവുന്ന ഒരേയൊരു വീട് ഈജിപ്ത് ആയിരുന്നു. അതുകൊണ്ട് ദൈവജനത്തെ തങ്ങളുടെ രക്ഷയ്ക്കുവേണ്ടി നിലവിളിക്കാൻ പ്രേരിപ്പിക്കുന്നതിന് കഷ്ടപ്പാടുകളും അടിമത്തവും ആവശ്യമായിരുന്നു. വീണ്ടും ഇസ്രായേല്യരെ അടിമകളാക്കി



താൻ തടയാൻ ശ്രമിക്കുന്ന കാര്യത്തിനായി അവൻ കൊതിച്ചു. ഈജിപ്തുമായി അവരെ ബന്ധിച്ചിരിക്കുന്ന ബന്ധങ്ങൾ അഴിക്കാൻ കഷ്ടതയുടെ മൂർച്ചയുള്ള കത്തി ഉപയോഗിക്കണം. ഫറവോൻ അറിഞ്ഞില്ലെങ്കിലും ഈജിപ്ഷ്യൻ ലോകത്തിൽ നിന്ന് അവരെ മാറ്റുന്നതിനും മരുഭൂമിയിൽ അവരുടെ പ്രത്യേക സ്ഥാനം ഏറ്റെടുക്കുന്നതിനും സഹായിക്കുന്നതിനുമുള്ള ദൈവത്തിന്റെ ഉപകരണമായിരുന്നു മറുപുറത്ത് ഫറവോൻ.

വീണ്ടും ജനിക്കണമെങ്കിൽ ആദ്യം നിങ്ങൾ മരിക്കണം. നമ്മുടെ ആത്മീയ തീർത്ഥാടനത്തെക്കുറിച്ചുള്ള ഒരു പ്രധാന പാഠം നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ ദൈവം അന്വേഷണത്തിൽ ചെറിയ സഹനം നമ്മെ സഹായിക്കുന്നു. ഇസ്രായേല്യരെപ്പോലെ വാഗ്ദത്ത ദേശത്തേക്ക് നയിക്കാൻ നമുക്ക് അടിമത്തത്തിന്റെ ഭവനം ആവശ്യമാണ്. ഒറ്റപ്പെടലിനെയും, സഹനവഴികളെയും പോസറ്റീവായി കാണാൻ കഴിയണം!

കാരണം, ആദ്യമത് നമ്മളെ തളർത്തുമെങ്കിലും പിന്നീട് ആർക്കും ഒന്നിനും കുത്തിനോവിക്കാൻ കഴിയാത്തവിധം ശക്തരാക്കുന്നു!.

നമ്മൾ ആർക്കാണ് കൂട്ട് പോവുക, ആരോടാണ് കൂട്ടുകൂടുക. നമുക്ക് സന്തോഷം നൽകുന്ന നമ്മളെ പരിഗണിക്കുന്ന ആളുകളോട് മാത്രം. പരിഗണന എന്ന പദം മനുഷ്യജീവിതത്തെ വല്ലാതെ സ്വാധീനിക്കുന്നുണ്ട്. അത് തെറ്റൊ ശരിയോ എന്നുള്ളത് ഞാൻ പറയുന്നില്ല. ഞാനുമായി പരിചയമില്ലാത്ത ആളുകളോട് കാണിക്കുന്ന ഒരു അകലം സ്വാഭാവികമാണ്. പരിഗണനയിൽ കാണിക്കുന്ന അടുപ്പം ജീവിതത്തിന്റെ ശൈശവം തന്നെയാണ് ഇന്നലെ യൗവനത്തിലേക്ക് പ്രവേശിക്കുമ്പോൾ കുറേക്കൂടി വിശാലമായിരിക്കേണ്ടിയിരിക്കുന്നു. എന്നെ പരിഗണിക്കുന്ന ലോകത്തിന് പുറത്ത് ഇനിയും ഒരുപാട് മനുഷ്യരുണ്ട്. ഞാൻ കണ്ടിട്ടില്ലാത്ത പരിചയപ്പെട്ടിട്ടില്ലാത്ത മനുഷ്യർ. ഞാൻ അവരെയൊന്നും കാണാൻ ശ്രമിക്കുന്നതിലൂടെ എന്റെ ജീവിതത്തിന്റെ വളർച്ച ഒരു ഘട്ടം കൂടി മുന്നോട്ടു പോവുകയാണ്. എന്നെ പരിഗണിക്കുന്നവർക്ക് പുറത്തെ മനുഷ്യരെ ഞാൻ കണ്ടുമുട്ടുന്നതാണ് എന്റെ വളർച്ച.

നമ്മുടെ പരിഗണനകൾക്ക് പുറത്തുള്ള മനുഷ്യരെ നിഷ്കളങ്കമായ് നമുക്ക് കെട്ടിപിടിക്കാൻ സാധിക്കുമെങ്കിൽ, നമ്മൾ വലിയൊരു മനുഷ്യനാവും, അല്ലേൽ നമുക്ക് മുഴുത്ത പ്രാന്തായിരിക്കും.

സുഹൃത്തേ,
പിന്നോട്ടു മാത്രം മടങ്ങുന്ന
കാലുകൊണ്ടല്ലയോ മുന്നോട്ട്
പായുന്നിതാളുകൾ...

(കുഞ്ഞുണ്ണി മാഷ്)

കഥയിൽനിന്ന് :

മരണത്തെക്കുറിച്ച് രണ്ടുകഥകൾ

സച്ചിദാനന്ദൻ (മാതൃഭൂമി ആഴ്ചപ്പതിപ്പ്)

പോളും റാഹേലും അയൽക്കാരും സഹപാഠികളുമായിരുന്നു. അവരുടെ പ്രണയം പുരോഗമിക്കുമ്പോഴാണ് അപ്പന്മാർ തമ്മിൽ രണ്ടു വളപ്പിലുമായി നിന്ന ഒരു മുളങ്കൂട്ടത്തെച്ചൊല്ലി തർക്കമുണ്ടായതും വേലികെട്ടുമ്പോൾ അത് മൂർച്ഛിച്ചതും, ഇരുവരും മുളകൾ പറഞ്ഞത് കേൾക്കാതെ കോടതിയിൽ പോയതും. കോടതിയിലുണ്ടോ നിലാവുദിക്കുന്നു! മക്കളുടെ റൊമാൻസിനെ അപ്പന്മാർ എതിർത്തു. തങ്ങളുടെ ശവത്തിൽ ചവിട്ടിയേ അവർ വിവാഹത്തിന് പള്ളിയിൽ പോകൂ എന്നുവരെ അപ്പന്മാർ പറഞ്ഞപ്പോൾ, വികാരി അനുകൂലമായിരുന്നിട്ടും. കാമുകീകാമുകർ കഠിനമായ വിഷാദത്തോടെ വിവാഹത്തിൽ നിന്ന് പിന്മാറി; അർധമനസ്സോടെ വേറെ വിവാഹം കഴിക്കുകയും ചെയ്തു. സ്ഥലക്കുറവു മൂലമാണ് അവർക്ക് അപ്പന്മാരെ അടുത്തടുത്ത് മറവുചെയ്യേണ്ടി വന്നത്. രാത്രി ആ പിതാക്കൾ ശവപ്പെട്ടിയിൽ കിടന്ന് കിനാവുകൾ പങ്കുവെച്ചു. കുട്ടികളെ അവർ മറന്നു കഴിഞ്ഞിരുന്നു. അവിവാഹിതർ എന്നപോലെയാണ് അവർ പരസ്പരം പെരുമാറിയത്. കാൽപ്പനികതയുടെ നിലാവു പരന്ന യൗവനം തിരിച്ചുവന്നപോലെ അവർ ചുംബനങ്ങൾ അന്യോന്യം എറിഞ്ഞുകൊടുക്കുകയും പൊട്ടിച്ചിരിക്കുകയും ചെയ്തു. ചരമവാർഷികത്തിൽ കുട്ടികൾ കൊണ്ടുവയ്ക്കാറുള്ള പൂക്കൾ പോലും അവർ പെട്ടിതുറന്ന് അന്യോന്യം കൈമാറി. മരണം ജീവിതത്തിന്റെ അവസാനമല്ല, തുടക്കമാണെന്ന് അവർക്ക് ഇപ്പോൾ മനസ്സിലായി.



കൊച്ചി ഭദ്രാസന പ്രാർത്ഥനായോഗം വാർഷിക സമ്മേളനം കൊരട്ടി സീയോൻ സെമിനാരിയിൽ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു.



കണ്ടനാട് ഈസ്റ്റ് ഭദ്രാസന വൈദികയോഗത്തിന്റെ ആഭിമുഖ്യത്തിൽ 'നിഖ്യാ സുന്നഹദോസ്: ഒരു പുനരന്വേഷണം' എന്ന വിഷയം അടിസ്ഥാനപ്പെടുത്തി നടന്ന പഠനശിബിരത്തിൽ പങ്കെടുത്തവർ.



റാന്നി-പെരുനാട് ബഥനി ആശ്രമം മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ അധ്യക്ഷൻ സിറിൾ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ സന്ദർശിച്ചു.



പത്തനംതിട്ട പ്രകാശധാര സ്പെഷ്യൽ സ്കൂളിലെ കുഞ്ഞുങ്ങൾ ഒരുമിച്ച് ഇൻഡിഗോ വിമാനത്തിൽ തിരുവനന്തപുരത്തു നിന്നും എറണാകുളത്തേക്ക് ഒരു യാത്ര. തുടർന്ന് വാട്ടർ മെട്രോയിലും റെയിൽ മെട്രോയിലും സഞ്ചരിക്കാനുള്ള അവസരവും ഇവർക്കായി ഒരുക്കി.



രണ്ട് കുടുംബം മാത്രമുള്ള മലങ്കര ഓർത്തഡോക്സ് സഭയിലെ ഏറ്റവും ചെറിയ ദൈവാലയങ്ങളിലൊന്നായ കൊട്ടാരക്കര - പുനലൂർ ഭദ്രാസനത്തിലെ അമ്പനാട് സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയിലെ പെരുന്നാളിന് ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്താ സഖറിയാ മാർ സേവേറിയോസ് മുഖ്യകാർമ്മികത്വം വഹിച്ചു.



മലങ്കര ഓർത്തഡോക്സ് സൺഡേ സ്കൂൾ യു.എ.ഇ. മേഖലാ വാർഷിക സമ്മേളനം റാസൽ ഖൈമ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു. സൺഡേസ്കൂൾ ബാഹ്യ കേരളാ വിഭാഗം ഡയറക്ടർ ഫാ. ഡോ. ജോസി ജേക്കബ് ഉദ്ഘാടനം ചെയ്യുകയും ക്ലാസ്സുകൾ നയിക്കുകയും ചെയ്തു.



പരുമല കോംപ്രിഹെൻസീവ് സ്ട്രോക്ക് സെന്ററിന് അന്താരാഷ്ട്ര പുരസ്കാരം

കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ ഏറ്റവും കൂടുതൽ മെക്കാനിക്കൽ ത്രോംബെക്ടമി വിജയകരമായി പൂർത്തിയാക്കിയ പരുമല കോംപ്രിഹെൻസീവ് സ്ട്രോക്ക് സെന്ററിനെ തേടിയെത്തിയിരിക്കുകയാണ് വേൾഡ് സ്ട്രോക്ക് ഓർഗനൈസേഷന്റെ (WSO) അഭിമാന പുരസ്കാരമായ 'എയഞ്ചൽസ് ഗോൾഡ് സ്റ്റാറ്റസ്.' പക്ഷാഘാതത്തിൽ നിന്നും നിരവധി പേരെ തിരികെ ജീവിതത്തിലേക്ക് കൊണ്ടുവന്ന പരുമല കോംപ്രിഹെൻസീവ് സ്ട്രോക്ക് സെന്ററിന്റെ ഈ മികവിനുള്ള അംഗീകാരം, ലോക ത്രോംബെക്ടമി ദിനാചരണത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ വെച്ച് പാലക്കാട് നിയോജകമണ്ഡലം എം.എൽ.എ. രാഹുൽ മാങ്കൂട്ടത്തിൽ, കൺസൾട്ടന്റ് ഇന്റർവെൻഷണൽ ന്യൂറോളജിസ്റ്റ് ഡോ. വിശാൽ വി പണിക്കർക്ക് സമ്മാനിച്ചു.



അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘം വാർഷിക പരിശീലന ക്യാമ്പിന്റെ സമാപന സമ്മേളനം യുഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ഫാ. ജോസ് തോമസ് പൂവത്തുങ്കൽ അധ്യക്ഷത വഹിച്ചു. അൽമായ ട്രസ്റ്റി റോണി വർഗ്ഗീസ് എബ്രഹാം സമാപന സന്ദേശം നൽകി.



പാരീസിലെ സെന്റ് മേരീസ് കോൺഗ്രിഗേഷനിൽ വിശുദ്ധ ദൈവമാതാവിന്റെ ഓർമ്മപെരുന്നാൾ മലങ്കരസഭയിലെ പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ ഫ്രാൻസിലെ സെന്റ് ജോസഫ് കത്തോലിക്കാ ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു.



STOTS Faculty members and family visited HH The Catholicos at Catholicate Palace, Devalokam.

ഡോക്ടറേറ്റ് നേടി



ബയോടെക്നോളജിയിൽ പി. എച്ച്. ഡി. (ക്രൈസ്റ്റ് യൂണിവേഴ്സിറ്റി ബാംഗ്ലൂർ) നേടിയ ഇന്ദു ഫിലിപ്പ്. സഭാ മുൻ മാനേജിംഗ് കമ്മിറ്റിയംഗവും ഇടുക്കി ഭദ്രാസനത്തിലെ നെറ്റിത്തൊഴു താബോർ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗവുമായ കാരയ്ക്കൽ ഡോ. രാജു ഫിലിപ്പിന്റെയും മോളി ഫിലിപ്പിന്റെയും മകളാണ്. ഭർത്താവ് പുതുപ്പള്ളി റബ്ബർബോർഡ് ആൻവില്ലയിൽ (ചുണ്ടമണ്ണിൽ) ചാക്കോ ഈപ്പന്റെയും ലൗലിയുടെയും മകൻ അനീഷ് മാത്യു ചാക്കോ (പ്രോജക്ട് മാനേജർ, നോവോ നോർഡിസ്ക്) ബാംഗ്ലൂർ. തോട്ടയ്ക്കാട് മാർ അപ്രേം ഓർത്തഡോക്സ് പള്ളി ഇടവകാംഗം.



"When things go wrong, when they do not work out according to our plans, when relationships in our family become complicated, when our children do not make progress, when weaknesses and fatal illness arise, when we do not know what to do, when we cannot find peace, when we are unable to learn, when we cannot pray and feel completely lost—let us not lose hope.

Let us simply say: 'My Lord, do whatever You will. I do not know; You know. You love me. If You wish to scatter me and my household—let it happen, if that is Your will.'

When we say this, then God, Who loves His creation, comes and gives us strength, grace, and comfort beyond any understanding of what happens externally. Then we truly understand what it means that Jonah cried out from the belly of the whale and was saved, and that Christ rose from the dead."

- Elder Vasileios of Mount Athos

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



തിരുവനന്തപുരം ഭദ്രാസനം മർത്ത് മറിയം വനിത സമാജത്തിന്റെ 46–ാം വാർഷിക സമ്മേളനം നാലാഞ്ചിറ സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു.




ചെന്നൈ സെന്റ് തോമസ് മൗണ്ട് ഓർത്തഡോക്സ് പള്ളിയുടെ സ്ഥാപനമായ സെന്റ് തോമസ് മെട്രിക്കുലേഷൻ ഹയർ സെക്കണ്ടറി സ്കൂളിന്റെ പുതിയ കെട്ടിട സമുച്ചയത്തിന്റെ കൂദാശാകർമ്മവും, ഉദ്ഘാടനവും ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ, ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ എന്നിവർ ചേർന്ന് നിർവ്വഹിച്ചു.



എബി മേക്കരിങ്ങാട്ട് കല്ലൂപ്പാറ പഞ്ചായത്ത് വൈസ് പ്രസിഡന്റ്

കല്ലൂപ്പാറ പഞ്ചായത്ത് വൈസ് പ്രസിഡന്റായി എബി മേക്കരിങ്ങാട്ട് തെരഞ്ഞെടുക്കപ്പെട്ടു. മലങ്കര അസോസിയേഷൻ അംഗവും, നിരണം ഭദ്രാസനത്തിലെ കൈപ്പറ്റ സെന്റ് മേരീസ് ഇടവാംഗവുമാണ്. മല്ലപ്പള്ളി ഹൗസിങ് കോഓപ്പറേറ്റീവ് ബാങ്ക് വൈസ് പ്രസിഡന്റാണ്. 2010 മുതൽ തുടർച്ചയായി 3 തവണയായി കല്ലൂപ്പാറ പഞ്ചായത്ത് അംഗമാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവയുടെ ചെയർമാൻ ആയിരുന്നു. സിൽവി എബിയാണ് ഭാര്യ. മകൾ ഇസ ആൻ എബി.



റോമിലെ സാപ്പിയൻസ യൂണിവേഴ്സിറ്റിയിൽ നിന്നും Infrastructure and Transportation എന്ന വിഷയത്തിൽ കെൻ കോശി വർഗീസ് ഡോക്ടറേറ്റ് കരസ്ഥമാക്കി. നിരണം ഭദ്രാസനത്തിലെ നെടുമ്പുറം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ വർഗീസ് കോശിയുടെയും പരേതയായ റീജ എലിസബത്ത് വർഗ്ഗീസിന്റെയും മകനാണ്. ഇപ്പോൾ റോമിലെ സെന്റ് തോമസ് മലങ്കര ഓർത്തഡോക്സ് കമ്മ്യൂണിറ്റി അംഗമാണ്.



കെമിസ്ട്രിയിൽ (എൻവയോൺമെന്റൽ എൻജിനീയറിംഗ് ആന്റ് സയൻസിൽ, തായ്‌വാനിലെ ഫെൻഗ് ചിയ യൂണിവേഴ്സിറ്റിയിൽ നിന്നും ചിഞ്ചു ജിബി ഡോക്ടറേറ്റ് നേടി. കണ്ടനാട് വെസ്റ്റ് ദദ്രാസനത്തിൽ മുളക്കുളം കർമ്മേൽ കുന്ന് സെന്റ്. ജോർജ് ഓർത്തഡോക്സ്പള്ളി ഇടവകാംഗമായ ചെമ്മനം (തുടിയം പറമ്പിൽ) ശ്രീ. ജിബി ജോണിന്റേയും പ്രിൻസി ജിബിയുടേയും മകളാണ്.

ഓറിയന്റൽ ഓർത്തഡോക്സ് കൂട്ടായ്മയിൽ നിന്ന് മലങ്കരസഭയെ പുറത്താക്കിയെന്ന വാർത്ത വ്യാജം

മലങ്കര മല്പാൻ ജോൺസ് ഏബ്രഹാം റീശ് കോർഎപ്പിസ്ക്കോപ്പാ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ കൂട്ടായ്മയിൽ നിന്ന് പുറത്താക്കിയെന്ന വാർത്ത വ്യാജമാണ്. ഓറിയന്റൽ ഓർത്തഡോക്സ് സഭയെന്നത് 7 സഭകളുടെ ഒരു കൂട്ടായ്മയാണ്. അതിൽ അറബ് ലീഗ് എന്ന് വേണമെങ്കിൽ വിളിക്കാവുന്ന മിഡിൽ ഈസ്റ്റിലെ മൂന്ന് സഭാതലവൻമാർ മാത്രം പങ്കെടുത്ത ഒരു യോഗത്തെ എങ്ങനെയാണ് ഓറിയന്റൽ സഭകളുടെ കൂട്ടായ്മ എന്ന് വിശേഷിപ്പിക്കാൻ കഴിയുക? അന്ത്യോഖ്യൻ, കോപ്റ്റിക് പാത്രിയർക്കീസുമാരും ലബനോനിലെ അർമേനിയൻ സഭയുടെ തലവനുമാണ് യോഗത്തിലുണ്ടായിരുന്നത്. പ്രധാന അർമേനിയൻ സഭയായ എച്ച്മിയാഡ്സനിലെ അപ്പൊസ്തോലിക സഭയോ, എത്യോപ്യൻ ഓർത്തഡോക്സ് തെവാഹെദോ സഭയോ, എറിട്രിയൻ ഓർത്തഡോക്സ് തെവാഹെദോ സഭയോ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയോ ഈ യോഗത്തിൽ പങ്കാളികളല്ല.

ഇപ്പോൾ പ്രചരിപ്പിക്കപ്പെടുന്ന ഒരു കുറിപ്പാണല്ലോ ഈ വ്യാജ വാർത്തയുടെ ആധാരം. ആ കുറിപ്പ് പരിശോധനക്കെടുത്താൽപ്പോലും അതിൽ എവിടെയും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ ഓറിയന്റൽ ഓർത്തഡോക്സ് കൂട്ടായ്മയിൽ നിന്ന് പുറത്താക്കിയതായി പറയുന്നില്ല. അപ്പോൾ പിന്നെ ഈ വ്യാജ വാർത്തയുടെ ഉറവിടം പകൽ പോലെ വ്യക്തമാണ്. മലങ്കരസഭയെ വിഭജിച്ച് നേട്ടം കൊയ്യാൻ അന്ത്യോഖ്യൻ പാത്രിയർക്കീസ് നടത്തുന്ന ക്രൈസ്തവ വിരുദ്ധ നിലപാടായി മാത്രമേ ഇത്തരം നീക്കങ്ങളെ കാണാൻ കഴിയൂ. ഭാരതസഭയെ വൈദേശിക നുകത്തിൽ കെട്ടാനുള്ള ശ്രമങ്ങളെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്നും തുറന്നുകാട്ടിയിട്ടുള്ളവരാണ് മാധ്യമങ്ങൾ. അവരിൽ ചിലർ ഇത്തവണ വക്രബുദ്ധിയിൽ വീണ് അബദ്ധത്തിൽപ്പെട്ടിരിക്കുന്നു. റേറ്റിംഗ് മത്സരങ്ങളുടെ സമ്മർദ്ധങ്ങളെ അതിജീവിച്ച് സത്യം ജനങ്ങളെ അറിയിക്കാൻ അവർക്ക് കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു.



സ്നേഹസ്പർശം പരിപാടിയുടെ ഭാഗമായി, മന്ന ചാരിറ്റബിൾ ട്രസ്റ്റ്, കോട്ടയം ഭദ്രാസന യുവജനപ്രസ്ഥാനവുമായി സഹകരിച്ച്, പതിവായി ഡയാലിസിസിന് വിധേയരാകുന്ന നിർധന വൃക്കരോഗികളെ സഹായിക്കുന്നതിനായി 100 ഡയാലിസിസ് കിറ്റുകൾ വിതരണം ചെയ്തു. കോട്ടയം മെഡിക്കൽ കോളജിനു സമീപമുള്ള മാർ ഗ്രിഗോറിയോസ് കാരുണ്യ നിലയത്തിലാണ് ഇത് നടത്തിയത്.